Registered No. M-4485 Madras War Review, Malayalam—4-5-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 മേയി 4-ാംനു, വെള്ളിയാഴ്ച [ലക്കം 34



## ജർമ്മനിയുടെ നേർക്കുള്ള ഐക്യരാഷ്ട്രങ്ങളുടെ നയം

**ഐക്യരാഷ്ട്രങ്ങൾ** ജർമ്മൻജനങ്ങളെ നശിപ്പിക്കുകയില്ല. അവർ ഫാസിസത്തേയും ജർമ്മൻ സൈനിക ദുഷ്പ്രഭുത്വത്തേയും മാത്രമേ നശിപ്പിക്കുകയുള്ളൂ.

**എന്നാൽ,** അവർ സഖ്യപക്ഷത്തിന്റെ ആജ്ഞകളെ ആദരവോടെ അനുസരിക്കുന്നപക്ഷം ജർമ്മനിയിലെ സമാധാനപ്രിയരായ ജനതകളെ ഐക്യരാഷ്ട്രങ്ങൾ സ്പർശിക്കക്കൂടിയില്ല.

—മാർഷൽ സ്റ്റാലിൻ 1945 മേയി 1-ാംനു നല്കിയ ഒരു ഉത്തരവിൽ

# ഇന്നത്തെ നമ്മുടെ കർത്തവ്യങ്ങൾ

### സുരക്ഷയുടെ പ്രാധാന്യം

ഈ സമ്മേളനത്തിൽ സന്നിഹിതരായ എല്ലാ പ്രതിനിധികളും, ആധുനികമായ ആയുധങ്ങളുടെ ശക്തി ശരിയായും മനസ്സിലാക്കേണ്ടതാണ്. ഞങ്ങളെപ്പോലെ ബോമ്പുകൾ, പറക്കുന്ന ബോമ്പുകൾ, റോക്കററുകൾ ഇവയുടെ കീഴിൽ ജീവിച്ചവർക്ക് സുരക്ഷയ്ക്കുവേണ്ടിയുള്ള അത്യാഗ്രഹം ഉണ്ടായിരിക്കും.

—സി. ആർ. ആററ്ലി, സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽ.

### കാര്യത്തിനും കയ്യൂക്കുണ്ട്.

"യുദ്ധത്തിൽ ഒന്നിച്ചു മരിക്കുന്നതിന്നു നമുക്കു ഇഷ്ടമില്ലെങ്കിൽ നാം സമാധാനത്തോടെ ഒന്നിച്ചു ജീവിക്കുന്നതിന്നു പഠിക്കേണ്ടതാണ്. ഏതെങ്കിലും രാഷ്ട്രത്തേയോ, രാഷ്ട്രങ്ങളേയോ ബോമ്പുകൊണ്ടും ബയണററുകൊണ്ടും അവരുടെ വാദഗതികൾ തുടരുന്നതിന്നു അനുവദിക്കാൻ പാടില്ല. എന്നാൽ, "കയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്ന ശത്രുവിൻെറ തത്വശാസ്ത്രം അനുസരിക്കുന്നതിന്നു നാം നിർബ്ബന്ധിതരാകും. നാം ഈ രീതിയൊന്നു മറിച്ചാക്കി, കാര്യത്തിന്നു കയ്യൂക്കുണ്ടെന്നു വരുത്തണം.

—പ്രസിഡെണ്ട് ട്രൂമാൻ, 1945 ഏപ്രിൽ 25-ാംനു.

### മനുഷ്യത്വത്തിനുവേണ്ടി അവർ മരിച്ചു.

കിഴക്കും പടിഞ്ഞാറും വമ്പിച്ച തോതിലും വ്യാപ്തിയിലുമുള്ള സംഭവഗതികൾ മണിക്കൂർ തോറും നമ്മുടെ മുമ്പിൽ തടിച്ചുകൂടുന്നു . . . . കഴിഞ്ഞ ആറു വർഷങ്ങളോളമായി, മനുഷ്യത്വ വീണ്ടും ജീവിക്കുന്നതിന്നായി, നിരവധി പേർ ജീവത്യാഗം ചെയ്തു. നമുക്കും ചില കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. നമുക്കു അതു ചെയ്തുതീർക്കുക.

—ആൻറണി ഈഡൻ, 1945 ഏപ്രിൽ 26-ാംനു.

### ഒന്നിച്ചുനിന്നു പൊരുതിയപോലെ, നമ്മൾക്കു ഒന്നിച്ചുനിന്നു പ്രവർത്തിക്കുകയും ചെയ്യാം.

യൂറോപ്പിലെ അവസാനവിജയം സമാഗതമായിക്കഴിഞ്ഞിട്ടില്ല. എന്നാൽ ആ സന്ദർഭം, അമേരിക്ക, ബ്രിട്ടൻ, റഷ്യ എന്നീ രാഷ്ട്രങ്ങളിലെ ജനതതികൾ പ്രയാസപ്പെട്ടും പ്രാർത്ഥിച്ചും ആശിച്ചുകൊണ്ടിരുന്ന ആ സന്ദർഭം ആസന്നമായിവരുന്നു.

ദൂരം, വിഷമങ്ങൾ, തടസ്സങ്ങൾ ഇവയെല്ലാം അഭിമുഖീകരിച്ചുകൊണ്ടും രാഷ്ട്രങ്ങൾക്കു ഒന്നിച്ചുനിന്ന് പൊരുതാൻ സാധിക്കുന്നപോലെ, സമാധാനത്തിന്നുവേണ്ടിയുള്ള ഒരു സംഘടന സൃഷ്ടിക്കുന്നതിന്നുള്ള സംരംഭങ്ങളിലും അവർ സഹകരിച്ചു പ്രവർത്തിക്കാവുന്നതത്രേ.

പാസഫിക്കിലെയും, യൂറോപ്പിലെയും ശത്രുക്കളെ തികച്ചും പരാജയപ്പെടുത്തിയതിന്നുശേഷമല്ലാതെ വിശ്രമത്തിന്നു സമയമില്ല. പോർക്കളത്തിൽ വിശ്രമമില്ല എന്നു നമുക്കെല്ലാവർക്കും അറിയാം.

—പ്രസിഡെണ്ട് എച്ച്. എസ്സ്. ട്രൂമാൻ, 1945 ഏപ്രിൽ 25-ാംനു.

# സാൻഫ്രാൻസിസ്കോ സമ്മേളനം

## സാധാരണ മനുഷ്യൻെറ അന്തസ്സും അവകാശവും


(സർ എ. രാമസ്വാമി മുതലിയാർ.)

[സാൻഫ്രാൻസിസ്കോ സമ്മേളനത്തിലെ ഇന്ത്യൻ പ്രതിനിധിസംഘത്തിൻെറ അദ്ധ്യക്ഷനായ സർ എ. ആർ. മുതലിയാർ ചെയ്ത പ്രസംഗത്തിൻെറ ചുരുക്കമാണ് താഴെ കൊടുക്കുന്നത്. ഈ പ്രസംഗം സമ്മേളനത്തിൽ എല്ലാവരുടേയും ശ്ലാഘകൾക്കും, അഭിനന്ദനത്തിന്നും ഇടയാക്കി.]

കഴിഞ്ഞ കാലങ്ങൾ മുതൽ ഇന്നോളവും സമാധാനകാംക്ഷികളായിക്കഴിഞ്ഞ ഒരു ജനതയുടെ അഭിപ്രായഗതികളെ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നതിന്നുവേണ്ടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. ഇന്ത്യയിൽ ആഭ്യന്തരകലഹങ്ങളെന്നുതന്നെ ഉണ്ടായിട്ടുണ്ടെങ്കിലും, ഇന്ത്യയുടെ അതൃത്തിയ്ക്കപ്പുറം കടന്നു ഒരിക്കലും തന്നെ ഒരു രാജ്യത്തെ ആക്രമിച്ചു പിടിക്കുന്നതിന്നു ഇന്ത്യക്കാർ ശ്രമിച്ചതായി ഒരു ചരിത്രകാരനും രേഖപ്പെടുത്തിയിട്ടില്ല. ജൂതന്മാർ പണ്ടുകാലത്തു ബഹിഷ്കൃതരായി ഇന്ത്യയുടെ പടിഞ്ഞാറൻ കരയിൽ കുടിയേറി പാർത്തുതുടങ്ങിയതുമുതൽ, പോളണ്ടിനെ ഈയിടെ ആക്രമിക്കപ്പെട്ടതുവരെ അഭയാർത്ഥികൾക്കു ഇന്ത്യ താവളം നൽകിയിട്ടുണ്ട്. .

ഇരുപത്തഞ്ചു കൊല്ലങ്ങൾക്കു മുമ്പുണ്ടായ കഴിഞ്ഞ ലോകമഹാ യുദ്ധത്തിൽ ഇന്ത്യ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു ഞാൻ പ്രത്യേകം എടുത്തുപറയേണ്ടതില്ല. ഫ്ലാണ്ടേഴ്സിലെ മൈതാനങ്ങളിലും, ഗാലിപ്പൊലിയിലെ എല്ലാ മുക്കുകളിലും മൂലകളിലും സ്വാതന്ത്ര്യസമരത്തിന്നുവേണ്ടി രക്തം ചിന്തപ്പെട്ടു. എന്നാൽ അതെല്ലാം നിഷ്ഫലമായി എന്നതാണ് ദയനീയസംഭവം. . . .

ഞങ്ങളുടെ രാജ്യം സമാധാനകാംക്ഷിയായ ഒരു രാജ്യമാണെന്നു ഞാൻ പറഞ്ഞു. എന്നാൽ കൈകൂപ്പിനിന്നുകൊണ്ട് സമാധാനത്തിന്നുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു രാജ്യമല്ല ഞങ്ങളുടേത്. ഈ യുദ്ധത്തിൽ നോർത്ത് ആഫ്രിക്ക, ഡൺകിർക്ക്, ഇററലി, മദ്ധ്യപൌരസ്ത്യദേശങ്ങൾ ഇവിടങ്ങളിലെല്ലാം ഇന്ത്യൻ ഭടന്മാർ വീരോചിതം പൊരുതിയിട്ടുണ്ട് . . . . . .



സർ എ. രാമസ്വാമി മുതലിയാർ

ഞങ്ങൾ സ്വാതന്ത്ര്യത്തെപ്പററിയും പരമാധികാരത്തെപ്പററിയും പറയാറുണ്ട്. എന്നാൽ അന്യാശ്രയത്വത്തെക്കാളധികം ഇന്ന് ആവശ്യമായിട്ടുള്ളത് അന്തരാശ്രയത്വമാണ്. നമ്മിലൊരാളും, മഹൽശക്തികളുംകൂടി, തങ്ങൾക്കു ഒററക്ക് സുരക്ഷയോടും സമാധാനത്തോടുംകൂടി കഴിഞ്ഞുകൂടാമെന്ന് വിചാരിക്കുമെന്നു തോന്നുന്നില്ല. സാമ്പത്തികാസമത്വവും, സാമൂഹ്യമായ അനീതികളുമാണ് പലപ്പോഴും യുദ്ധത്തിന്നു കാരണമായിട്ടുള്ളത്. നമുക്കു ആ സംഗതികൾ വിസ്മരിക്കാൻ നിവൃത്തിയില്ല. യുദ്ധത്തിലേക്ക് നയിക്കുന്ന സാമ്പത്തിക-സാമൂഹ്യ ഹേതുക്കളെ ഇല്ലായ്മ ചെയ്യുന്നതിന്നായി ശ്രമിക്കുക.

ഇതുകൂടാതെ മറെറാരു കാര്യംകൂടി മനസ്സിലാക്കേണ്ടതുണ്ട്. നാമെല്ലാം യഥാർത്ഥവാദികളാകണമെന്നു പറയുന്നു. ലോകത്തെ നിലനിർത്തിവരുന്ന പല സംഗതികളിലേക്കും നമ്മുടെ ശ്രദ്ധ പതിക്കണമെന്നു പറയുന്ന ഏററവും മഹനീയമായ ഒരു യാഥാർത്ഥ്യമുണ്ട്. മൌലികമായ ഒരു വാസ്തവം. എല്ലാ മതങ്ങളും നമ്മെ പഠിപ്പിച്ച ഒരു തത്വം. അതായത്, സാധാരണ മനുഷ്യൻെറ അന്തസ്സ്. മനുഷ്യൻെറ ഈ മൌലികാവകാശങ്ങളെ വിസ്മരിക്കയോ, വിഗണിക്കയോ ചെയ്തുകൂടാ. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ആ ബന്ധത്തെ വിഭിന്നമാക്കുന്നതിന് ജാതിമതങ്ങൾക്കോ, നിറവ്യത്യാസങ്ങൾക്കോ, ഭക്ഷണരീതിയ്ക്കോ സാദ്ധ്യമല്ല. ഒരു ഏഷ്യക്കാരനെന്നനിലക്ക് ഞാൻ പറയട്ടെ : ഒരു ശാശ്വതമായ സമാധാനത്തിൻെറ അസ്ഥിവാരമിടുമ്പോൾ, ഈ മൌലികകാര്യത്തെ നാം മനസ്സിലാക്കണം. ലോകത്തിലെ എല്ലാവർക്കും, സ്ത്രീകൾക്കും പുരുഷന്മാർക്കും ജീവിതത്തിൻെറ നാനാ തുറകളിലും ഈ മൌലികാവകാശങ്ങൾ ലഭിച്ചാലെ ശാശ്വതസമാധാനം സാധിതപ്രായമാവുകയുള്ളു . . . . .

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 മേയി 4-ാംനു, വെള്ളിയാഴ്ച

## വിജയം എന്നാൽ

യൂറോപ്പിലെ മഹാസമരത്തിന്റെ അവസാനം ആസന്നമായിത്തുടങ്ങി.

ഈ പശ്ചാത്തലത്തിലാണ് നാം വിജയത്തെപ്പററി പര്യാലോചിക്കുന്നതു. നമ്മുടെ പ്രത്യാശകളും അവയുടെ ആഘാതപ്രത്യാഘാതങ്ങളും വിജയത്തെപ്പററിയുള്ള ചിന്തയിൽ തിരതല്ലുന്നു. പക്ഷെ, 'വിജയം' എന്ന മൂന്നക്ഷരം ഒന്നുംതന്നെ വ്യാഖ്യാനിക്കുന്നില്ല. ശരിയായ ഒരു നിർവ്വചനത്തിന്റെ അഭാവത്തിൽ, അതു് വെറും ഒരു പദം മാത്രമായിരിക്കും—ഒരുപക്ഷെ ആകർഷകതയും ശബ്ദഭംഗിയും ഉച്ചാരണസൌകര്യവും ഒത്തു തികഞ്ഞ ഒരു വാക്ക് !

സർവ്വോപരി, ഒരു സംഗതിയിൽ നാം ശ്രദ്ധിക്കേണ്ടതുണ്ട്: ഇതു ഒരു ലോകമഹായുദ്ധമാണ്. ഭൂമിശാസ്ത്രപരമായി പടിഞ്ഞാററൻ രംഗം, പൌരസ്ത്യസമരമുഖം, എന്നൊക്കെ പറയപ്പെട്ടുവരുന്നുണ്ടെങ്കിലും, അതെല്ലാം ഒരേ സമരത്തിന്റെ വിവിധ വശങ്ങളാണ്. ലോകത്തിന്റെ ഭൂരിഭാഗം ഇന്നും ജാപ്പു കിരാതത്വത്തിന്റെ നഗ്നനൃത്തത്തിലും, നീചവൃത്തിയിലും ഞെരുങ്ങിക്കഴിയുകയാണ്.

യൂറോപ്പിലെ കലഹം അവസാനിച്ചേക്കാം. എന്നാൽ പൌരസ്ത്യരംഗം ഇനിയും ഉണ്ട്. അവിടുത്തെ സ്ഥിതിഗതികൾ ഇന്നും രണ്ടു കൊല്ലം മുമ്പുള്ള യൂറോപ്പിലേതുപോലെയാണ്. "അവസാനത്തിന്റെ" ആരംഭദശയിലെ അതു് എത്തിയിട്ടുള്ളൂ.

ആളുകൾ പലരും 'വിജയ'ാഘോഷങ്ങളിലേയ്ക്കു് ആർത്തുചാടാൻ കാത്തുനിൽക്കുന്നു. പക്ഷെ ഒന്നോർമ്മിച്ചു നോക്കൂ, വിജയത്തിന്റെ വിഭവങ്ങൾ മുഴുവനും ആസ്വദിക്കണമെങ്കിൽ, വിജയത്തിന്റെ പരിപൂർണ്ണതയിലെ സാദ്ധ്യമാവുകയുള്ളൂ. വിജയത്തിൽ അര വിജയവും മുറി വിജയവുമില്ല. വിജയം എന്നാൽ പരിപൂർണ്ണമായ വിജയമാണ്; ശത്രുക്കളുടെ പരിതാപകരമായ പരാജയം എന്നാണതിന്റെരത്ഥം. വിജയത്തിനും തികച്ചും പരിപക്വത വരണമെങ്കിൽ, മനുഷ്യലോകത്തിന്റെ വിരോധികൾ മുഴുവനും, അവർ ലോകത്തിന്റെ ഏതു വശത്തുള്ളവരായാലും ശരി, തോററുതുലയണം.

അല്ലാ, യൂറോപ്പിൽ തോക്കുകൾ നിശ്ശബ്ദമായാൽ, ഉടൻതന്നെ വിജയം കൈവന്നുവോ ? ഇല്ല ; ഒരിക്കലുമില്ല. ഈ യുദ്ധത്തിന്റെ ലക്ഷ്യങ്ങൾ എന്താണെന്നു് പരിശോധിച്ചാലേ ഈ അഭിപ്രായം തികച്ചും പരിപൂർണ്ണമാവുകയുള്ളൂ. നാസിസത്തിന്റെ കീഴിൽ നരകയാതന അനുഭവിച്ചുവരുന്ന നരകോടികളെ വിമോചിതമാക്കുകയാണല്ലൊ നമ്മുടെ ലക്ഷ്യം. എന്നാൽ ഒരൊററ ഞൊടിയിടയിൽ ചെയ്തുതീർക്കാവുന്ന ഒന്നല്ല ഈ കൃത്യം. അതിന്നു ഇനിയും കാലം വേണം; വീണ്ടും പരിശ്രമിച്ചേ തീരൂ. നാസികൾക്കു് വേണ്ടത്ര ശിക്ഷ നൽകുന്നതാണു് പ്രാഥമിക കൃത്യം. അതിൽ ലവലേശം അഭിപ്രായവ്യത്യാസമില്ല. എന്നാൽ അതോടൊപ്പംതന്നെ അത്രമേൽ പ്രധാനമായ മറെറാരു ജോലികൂടി ചെയ്തുതീർക്കേണ്ടിയിരിക്കുന്നു. ആ പാവപ്പെട്ട, ദുരിതങ്ങളുടെ ദംശനമേററ, വംശംകെട്ട ലക്ഷങ്ങളെ വിമോചിതമാക്കുക.

നശിച്ച നാസികൾ കീഴടങ്ങിയതുകൊണ്ടു മാത്രം അതു സാദ്ധ്യമല്ല. നാസിസമ്പ്രദായത്തിന്റെ കാലടിപ്പാടുകളും അവശിഷ്ടങ്ങളും യൂറോപ്പിലെ ജനങ്ങളുടെ ഹൃദയരക്തങ്ങളിൽ പതിഞ്ഞു കിടക്കുന്നു. അവയെ ഉന്മൂലനാശം ചെയ്യുന്നതിന്നു ആ ഹൃദയരക്തങ്ങളെ അപ്പാടെ ശുദ്ധീകരിക്കണം.

എത്ര വിഷമമേറിയ ഒന്നാണതു്?

വീടില്ലാതെ, വസ്ത്രമില്ലാതെ, ഭക്ഷണമില്ലാതെ ലോകത്തിലെങ്ങും വേർ പറിച്ചെറിയപ്പെട്ട അനേകായിരം അഭയാർത്ഥികൾ ; അച്ഛനമ്മമാരില്ലാത്ത പിഞ്ചുപൈതങ്ങൾ ; പട്ടിണി കിടന്നു, എല്ലുംതോലും മാത്രമായ പാവങ്ങൾ ; ജെയിലിലും, കോൺസെൻട്രേഷൻ ക്യാമ്പിലും ഗസ്റ്റാപ്പോവിന്റെ ചവിട്ടടിയിലും കിടന്നു ചതഞ്ഞരഞ്ഞ മനുഷ്യർ ; വെന്തു വെണ്ണീറടിഞ്ഞ നഗരങ്ങൾ, പൊളിഞ്ഞടർന്ന പാലങ്ങൾ, താറുമാറായ റെയിൽവെകൾ, വ്യവസായങ്ങൾ, കൃഷി,—ഇതാണ് ഇന്നത്തെ യൂറോപ്പ്! ഇതാണ് ഇന്നു നാസികൾ നമുക്കു തരുന്ന യൂറോപ്പ്.

ഇവയൊക്കെ യഥാസ്ഥാനത്തു കൊണ്ടുവന്നു ജനങ്ങൾക്കു് സംതൃപ്തിയും സ്വാതന്ത്ര്യവും നൽകണമെങ്കിൽ അതു ഒരു എളിയ ജോലിയല്ല തന്നെ. പക്ഷെ, അതു ചെയ്യാതെ നിവൃത്തിയില്ലതാനും.

യൂറോപ്പിൽ നാസികൾ ഒതുക്കപ്പെട്ടു എന്ന ആ വാർത്തയുടെ ശ്രവണമാത്രത്തിൽ, തുള്ളിച്ചാടുന്ന ആവേശകാരികളായ ആളുകൾ ആദ്യമായി മേൽപ്പറഞ്ഞ വാസ്തവങ്ങളിലേയ്ക്കു് ഒന്നു കണ്ണോടിക്കട്ടെ.

ഒരിക്കലും ഒരു ഭൂകമ്പം മൂലം ലോകത്തിൽ ഒരിടത്തും ഇത്ര നഷ്ടമുണ്ടായിട്ടില്ല !

എന്നാലും, ഈ ഇരുണ്ട ദശ അവസാനിക്കാറായി എന്ന പ്രത്യാശയിൽ ത്തന്നെ ആഹ്ലാദിക്കാതിരിക്കാൻ ആർക്കും കഴികയില്ല. നമുക്കു എത്ര സമാശ്വാസവും സംതൃപ്തിയുമാണു് ഇതിൽ നിന്നുണ്ടാവുന്നതെന്നോ !

ഈ ആശയങ്ങളുടെ പ്രതിഫലനം ഇരുമാർഗ്ഗങ്ങളിലൂടെ നാമിന്നു കാണുന്നു, വ്യഷ്ടിയിലും സമഷ്ടിയിലും! അവസാനം പറഞ്ഞതിന്റെ ശരിയായ ബഹിർപ്രകടനമാണ് സാൻഫ്രാൻസിസ്കോ സമ്മേളനം.

ഭയവും, വേദനയും, വേപഥുവും, വിഷാദവും കലന്ന ഈ കാലഘട്ടത്തിൽ, ഭാവിയെ ഈ ദുരിതങ്ങളിൽനിന്നും തികച്ചും സ്വതന്ത്രമാക്കുന്നതിന്നുള്ള പരിശ്രമങ്ങളാണ് സമ്മേളനം ചെയ്യുന്നതു്. അതാണ് യഥാർത്ഥ വിജയം. തികച്ചു പ്രാപ്തിയും ബുദ്ധിശക്തിയും നൈപുണ്യം തികഞ്ഞൊത്ത നേതാക്കന്മാർ നമുക്കു് ഈ സംരംഭത്തിന്റെ വിജയത്തിന്നു ഹേതുഭൂതരായുണ്ടു്.

അയൽവക്കത്തുകാരനെ ഭയാശങ്കളോടുകൂടിയല്ല, സ്നേഹബഹുമാനങ്ങളോടുകൂടിയാണ് വീക്ഷിക്കേണ്ടതു്.

അകന്നൊഴിഞ്ഞു നിൽക്കുന്നതിലല്ല രക്ഷ, ലോകത്തിലെ രാഷ്ട്രങ്ങൾ അടുത്തു് ഏകോപിച്ചു ഒരു കുടുംബത്തെപ്പോലെ കഴിയുന്നതിലാണ്.


യൂറോപ്പ്, ബർമ്മ, പാസഫിക് തുടങ്ങിയ രംഗങ്ങളിലെ സൈനിക വിജയങ്ങൾ, സാമൂഹ്യ വിജയങ്ങളാക്കുകയാണ് സാൻഫ്രാൻസിസ്കോവിൽ സമ്മേളിച്ച ജനകീയ നേതാക്കന്മാരും പ്രതിനിധികളും ചെയ്യുന്നതു്. ഒരു നവീന ലോകരീതിയുടെ അസ്ഥിവാരം പുതുലോകത്തിലെ ആ പ്രശസ്തവും പ്രശോഭാജ്ജ്വലവുമായ ആ നഗരത്തിൽ നിർമ്മിക്കപ്പെട്ടുവരുന്നു.

യുദ്ധത്തിൽനിന്നു സമാധാനത്തിലേയ്ക്കുള്ള ഈ പരിണാമം വമ്പിച്ച ഒന്നാണ്. നശീകരണത്തിൽനിന്നു പുനർനിർമ്മാണത്തിലേയ്ക്കു്, സ്വാർത്ഥതയിൽനിന്നു സേവനത്തിലേയ്ക്കു, ദേശീയത്വത്തിൽനിന്നു അന്തർദ്ദേശീയത്വത്തിലേയ്ക്കു്—ഈ മുദ്രാവാക്യങ്ങൾ മനുഷ്യത്വയുടെ ഹൃദയത്തിൽ തികച്ചും അഗാധമായി വേരൂന്നിപ്പിടിക്കണം. ഈ മൌലിക വാസ്തവികതകളുടെ തൂവെളിച്ചത്തിലേ സമാധാനവും ശാന്തിയും, സംരക്ഷയും താരുംതളിരുമിട്ടു തളിർത്തു പൂത്തു തെഴുക്കുകയുള്ളൂ. വിജയത്തിന്റെ വെൺകതിരുകൾ വ്യക്തമാവുകയുള്ളൂ.. ഈ യുദ്ധത്തിലെ "വിജയം ഇനിമേലിൽ യുദ്ധമില്ലാതാക്കിത്തീർക്കുന്ന സംരംഭത്തിന്റെ വിജയമാണ്.

അപ്പോൾ, ഈ സന്ദർഭത്തിൽ നാമെങ്ങിനെയാണ് വിശ്രമിക്കുക ? ആർക്കാണു വിനോദിക്കാൻ സാധിക്കുക ?

വിജയത്തിന്റെ വിളിയിതാണ് ; അതിന്റെ ആഗമനത്തിന്നു ജീവത്യാഗം ചെയ്ത മനുഷ്യലക്ഷങ്ങൾ നമുക്കു നൽകുന്ന സന്ദേശമിതാണ് "വിസ്തൃതമായ ജനകീയൈക്യത്തിന്റെ പാതയിലൂടെ സാഹോദര്യത്തോടും, സമത്വത്തോടും, സമാധാനത്തോടും കൂടി മുന്നോട്ടു പോകുക !"

അതേ, ആർക്കും അഭിലഷണീയവും, ആദരണീയവുമായ ഒരാശയമാണിതു് !



ഫീൽഡ് മാർഷൽ മണ്ട്ഗോമറിയെ, അദ്ദേഹത്തിന്റെ ഹെഡ്ക്വാർട്ടറിൽവെച്ചു് വേവൽപ്രഭു സന്ദർശിച്ചപ്പോൾ

# ആഴ്ചക്കുറിപ്പുകൾ

## തകന്ന ജമ്മനി.

യൂറോപ്യൻ യുദ്ധത്തിൻെറ അന്ത്യദശകളിൽ നാം കണ്ടുവരുന്ന സംഭവഗതികൾ അമ്പരപ്പിക്കുന്നതും ആഹ്ലാദജനകങ്ങളുമാണ്. 9-ാം ബ്രി. സേന, ഒന്നാം കനേഡിയൻ സേന, അമേരിക്കൻ 1, 3, 7, 9 ഈ സേനകൾ, ഷുക്കോവ്, കൊണീവ്, റോക്കാറസ്സോവസ്കി, മാലിലോവസ്കി, ടോൾബ്യുക്കിൻ എന്നിവരുടെ നേതൃത്വത്തിലുള്ള സേനകൾ, ഇററലിയിൽ 5-ാം സേനയും 8-ാം സേനയും, യൂഗോസ്ലാവിയൻ സേന, ഈ സേനകളൊക്കെയും വിജയങ്ങൾ വരിച്ചുകൊണ്ടു മുന്നോട്ടു പോവുന്നു. ശത്രുക്കളെ അതാതിടങ്ങളിൽവെച്ചു അവർ നായാടി പിടിച്ചുവരുന്നു. അനുദിനം ശത്രുസേനകളുടെ വലുപ്പം കുറഞ്ഞുകുറഞ്ഞുവരുന്നു. ഡൻമാക്കിലും നോവ്വേയിലുമൊഴികെയുള്ള ശത്രുസേനകളൊക്കെ സഖ്യസൈന്യങ്ങളാൽ വളയപ്പെട്ടുകഴിഞ്ഞു.

## ഇററലിയൻ സമരത്തിൻെറ അവസാനം.

ഒരു ഢക്ക്പ്രഭുവിന്നു, അവൻെറ വിധി കിട്ടി. —അതും സ്വന്ത ജനങ്ങളിൽനിന്നു തന്നെയാണ് ആയാൾക്കു ആ സമ്മാനം ലഭിച്ചതു്. മിലാൻ നഗരത്തിൽവെച്ചു, എത്യോപ്യയെ ആക്രമിച്ച ആ നരാധമൻ, ഹിററ്ലരുടെ താളത്തിന്നൊത്തു തുള്ളിയിരുന്ന ആ മനുഷ്യകീടം, ബയോണററിൻെറ മഹിമാവിശേഷത്തെപ്പററി പാടി പുകഴ്ത്തിയവനും ഭാവിസീസറാവുമെന്നു ഊററം പറഞ്ഞിരുന്ന മുസ്സോളിനി—അതാ മിലാൻ നഗരത്തിൽ മരിച്ചു മരവിച്ചു കിടക്കുന്നു.


ഇററലിയിൽ വസന്തകാലാക്രമണം സമാരംഭിച്ചു മൂന്നാഴ്ചകൾക്കുള്ളിൽ, വടക്കൻ ഇററലിയിലെ ജനങ്ങളുടെ സഹായത്തോടുകൂടി, 8-ാം പടയും 5-ാം സേനയും ബൊളോണ പിടിച്ചതിന്നുശേഷം സ്വിററ്സർലാണ്ടിൻെറ അതിർത്തികളിലേയ്ക്കു പുരോഗമിച്ചു. ഇററലിയിലെ സമരം കഴിഞ്ഞു. അവിടെയുള്ള 10 ലക്ഷം ജമ്മൻകാർ കീഴടങ്ങി. ഈ കരാർ ഒപ്പിട്ടപ്പോൾ സഖ്യപക്ഷത്തിലെ പ്രധാനികളും ഉണ്ടായിരുന്നു. ഫീൽഡ് മാഷൽ അലക്സാന്തക്കും ജനറൽ മാക്ക്ലാക്കിന്നും അഭിനന്ദനങ്ങൾ ചൊരിയപ്പെടുന്നു. ഏപ്രിൽ 1-ാംനു- ചച്ചിൽ അയച്ച സന്ദേശത്തിൽ ഇങ്ങിനെ പറയുന്നു! "ഒരിക്കലും മുമ്പു ഇത്ര അധികം രാജ്യങ്ങളിലെ സേനകൾ ഒരു സമരമുന്നണിയിൽ പൊരുതിയിട്ടില്ല. ബ്രിട്ടീഷുകാർ, അമേരിക്കക്കാർ, ഇന്ത്യക്കാർ, പോളണ്ടുകാർ, ജൂതന്മാർ, ബ്രെസിലിയക്കാർ, ആഫ്രിക്കക്കാർ, ന്യൂസിലണ്ടുകാർ (അമേരിക്കക്കാരായി തീന്ന ജാപ്പുകളെപ്പററിയും അദ്ദേഹം പറയേണ്ടതായിരുന്നു!) ഈ സേനകളെല്ലാം ഐക്യബോധത്തോടും ചങ്ങാതിത്വത്തോടുംകൂടി മനുഷ്യത്വത്തിൻെറ വിമോചനത്തിന്നുവേണ്ടി പൊരുതി. രണ്ടാം ലോകമഹായുദ്ധത്തിലെ സവിശേഷമായ ഒരു സംഭവമായി ഇററലിയൻ സമരം ചിരകാലം നിൽക്കും."

## 14-ാം പട റങ്കൂണിലേക്കു്.

ബമ്മയിലുള്ള 14-ാം പട റംക്രൂണിലേക്കു കുതിച്ചെത്തുവരുന്നുവെന്ന അപ്രതീക്ഷിതമായ വാത്ത ഈ ആഴ്ചയിൽ വെളിപ്പെട്ടു. മാണ്ഡലെ പിടിച്ചതു സഖ്യപക്ഷത്തിന്നു എത്രമേൽ ഉപയോഗപ്രദമായിരുന്നുവെന്ന കഥ നാമിപ്പോഴാണു മനസ്സിലാക്കുന്നതു്. 14-ാം പടയുടെ കുതിച്ചു കയററത്തെ തടയുന്നതിന്നു ജാപ്പുകൾക്കു ഒരിടത്തും സാദ്ധ്യമാവാതെ വന്നിരിക്കുന്നു.

മാച്ച് 20-ാംനു- ഡഫിൻ കോട്ടപിടിക്കപ്പെട്ടു. ആറാഴ്ചകൾക്കുള്ളിൽ 400 നാഴിക പുരോഗമിച്ചതായി കാണുന്നു. 300 തടവുകാരായ സഖ്യഭടന്മാരുടെ ഒരു സംഘത്തെ ആദ്യമായി സ്വതന്ത്രമാക്കുകയും ചെയ്തിരിക്കുന്നുവത്രേ. ഇതിലെല്ലാംവെച്ചു പ്രധാനമായതാണ് റംക്രൂണിലേസ്സുള്ള കയററം. റംക്രൂൺ നദിയുടെ അഴിമുഖത്തു സേനകൾ ഇറങ്ങിയതും പെഗുവഴിക്കുള്ള 14-ാം പടയുടെ റംക്രൂണിലേസ്സുള്ള പുരോഗമനത്തെ ശീഘ്രമാക്കുകയാണ്.

# ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക







## ഒക്കിനാവ ദ്വീപിൽ.

ഫിലിപ്പൈനിലും, ഒക്കിനാവയിലും ജാപ്പുകൾ സ്വരക്ഷയ്ക്കുവേണ്ടി ഒരു പ്രതിരോധസമരമാണ് ചെയ്തുവരുന്നതു് എന്നു സംഗതികൾ ആരാഞ്ഞറിയുന്ന ഏവനും മനസ്സിലാകുന്നുണ്ട്. പുതിയ തരത്തിലുള്ള 300 സൂപ്പർ ഫോട്രസ്സ് വിമാനങ്ങൾ ജാപ്പു വ്യവസായങ്ങളെ തകൎത്തു തവിടുപൊടിയാക്കിക്കൊണ്ടിരിക്കുന്നു. ജാപ്പു ദ്വീപു സമൂഹത്തിൻെറ തെക്കു ഭാഗത്തു കിടക്കുന്ന ക്യൂഷുവിന്മേലും ഗംഭീരമായ ബോംബാക്രമണം അനുവർത്തിക്കപ്പെട്ടുവരുന്ന ടോക്കിയോവിന്നു പററിയ നാശങ്ങളെപ്പററി ടോക്കിയോവിൽ നിന്നുള്ള റിപ്പോർട്ടുപ്രകാരം 510,000 വീടുകൾ നഷ്ടപ്പെട്ടതായിക്കാണുന്നു. ഒക്കിനാവയുടെ തെക്കു ഭാഗത്തുള്ള പാറകളിലും ഗുഹകളിലും സമരം നടന്നുവരുന്നു. ഈ സമരത്തിൻെറ ആദ്യത്തെ മൂന്നാഴ്ചകൾക്കുള്ളിൽ 21,869 ജാപ്പുകൾ മരിച്ചതായ 296 പേരെ തടവുകാരാക്കിയതായി പറയപ്പെടുന്നു. ഏപ്രിൽ 26-ാംനു- വരെയുള്ള അമേരിക്കൻ നഷ്ടം, 1,146 പേർ മരിക്കുക, 5,982 പേൎക്കു മുറിവും, 296 പേർ കാണാതെയുമിരിക്കുന്നു.

ഫിലിപ്പൈനിലും ഇതേ വിജയചരിത്രം തന്നെയാണുള്ളതു്.

## മുസ്സോളിനിയും ഹിററ്ലരും.

മുസ്സോളിനിയെ കൊന്നുകളഞ്ഞ ചരിത്രം നമുക്കെല്ലാം വിശ്വസിക്കാവുന്നതാണ്. എന്നാൽ ബർല്ലിനിൽനിന്നുകേൾക്കുന്ന ഹിററ്ലരുടെ മരണവൃത്താന്തത്തെപ്പററി ഒന്നും പറയാൻ കാണുന്നില്ല. അതു ഓരോരുത്തരും അവരവരുടെ മനോധമ്മമനുസരിച്ചു വ്യാഖ്യാനിക്കുകയാണ് ഭേദം. ആസന്നഭാവിയിൽ എല്ലാ നാസികളുടെയും വിധിയ്ക്കു മുദ്രവെച്ചു കഴിയും. മരിക്കാറായ സമയത്തുകൂടി നാസിസം അതിൻെറ വികൃതി കാണിക്കാൻ ശ്രമിച്ചു. റഷ്യയും, അമേരിക്കയും, ബ്രിട്ടനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാക്കുന്നതിന്നും ഭിന്നിപ്പു വളൎത്തുന്നതിന്നും ഹിംലർ പരിശ്രമിച്ചുനോക്കി. ഈ അവസരത്തിൽ കൂടി, നാം എതിർക്കുകയും അഭിമുഖീകരിക്കുന്ന ശത്രു സാധാരണക്കാരനല്ലെന്നു ഊന്നിപ്പറയേണ്ടിയിരിക്കുന്നു. വിജയാഘോഷങ്ങൾക്കു വെമ്പിക്കൊണ്ടിരിക്കുന്നവൎക്കു നാസി നിഷ്ഠുരതകളെപ്പററിയുള്ള പാഠങ്ങൾ രണ്ടു വട്ടം കാണിച്ചുകൊടുക്കേണ്ടതു അത്യാവശ്യമാണ്. ഹിററ്ലർ ഒരുപക്ഷെ മരിച്ചിരിയ്ക്കാം; അഥവാ ഇല്ലായിരിക്കാം. ഒരു പക്ഷെ കഴിഞ്ഞ ജൂലായിൽ തന്നെ ആയാൾ പരലോകപ്രാപ്തനായിരിയ്ക്കാം —അല്ലാത്തപക്ഷം ഒരു രക്തസാക്ഷിയുടെ മരണംവരിക്കുന്നതിന്നു കൂടി അദ്ദേഹത്തിൻെറ അടുത്ത അനുയായികളായ ഗോയ്റിങ്ങ്, ഗോബൽസ് എന്നിവരൊന്നിച്ചു ജമ്മനിയിൽ ഭൂഗൎഭത്തിലേയ്ക്കു—പോയിരിക്കാം. മറെറാരിടത്തും അവൎക്കിന്നു പോകാനില്ല. എന്നെന്നേയ്ക്കുമായി നാസിസത്തെ ഉലകിൽ നിന്നു ഉന്മൂലനാശം ചെയ്യുകയാണ് നമ്മുടെ കർത്തവ്യം—അതിനാൽ തൂക്കുമരത്തിന്മീതെ നിന്നുള്ള ഈ കോമാളിത്തങ്ങളും ഗോഷ്ടികളും, പ്രശ്നങ്ങളും ചില അത്ഭുതവാൎത്തകൾ ആരാഞ്ഞു പിടിക്കുന്നതിന്നു നടക്കുന്ന പരുത്ത പത്രലേഖകന്മാൎക്കെ പററുകയുള്ളൂ. ഞങ്ങൾക്കിതിൽ കൂടുതലൊന്നും പറയാനില്ല.

# ചിരിയും ചിന്തയും

(പി. എസ്. എൻ.)

നരവംശശാസ്ത്രജ്ഞനായ ഒരു പ്രഫസർ പി. എച്ച്. ഡി. തൻെറ പ്രേമഭാജനത്തോടു: ഓമനെ, നമ്മുടെ പൂൎവ്വന്മാർ കുരങ്ങന്മാരാണെന്ന തത്വം നിനക്കറിയാമൊ?

ഓമന: അറിയാം, നമ്മളൊന്നിച്ച ആദ്യരാത്രി തന്നെ നിങ്ങൾ ചെയ്ത ചേഷ്ടകൾകൊണ്ടു ഞാനതു മനസ്സിലാക്കിയിരിക്കുന്നു.

* * *

പൌരൻ: യുദ്ധരംഗങ്ങൾ കുറെ ഭയങ്കരങ്ങൾ തന്നെയാണല്ലെ?

പട്ടാളക്കാരൻ: അതെ, എങ്കിലും അവ നമ്മുടെ പട്ടണ വീഥികളെക്കാൾ കുറെ ഭേദമാണെന്നാണു എനിക്കു തോന്നുന്നതു്.

* * *

വേലക്കാരൻ: ഇന്നു ചൂടുവെള്ളം കൊണ്ടുവരണൊ കൊച്ചമ്മേ?

യജമാനത്തി: വേണ്ട, എജമാനൻ ഇന്നാപ്പീസ്സിലേക്കു പോകുന്നില്ല.

* * *

പട്ടു: പ്ലൊ കളിമണ്ണിനും വല്ല്യവെലാണത്രെ!

കിട്ടു: ന്നാ ൻറ ചെങ്ങാതി, നിങ്ങടെ തല നല്ലോണം സൂക്ഷിച്ചോളണെ!

* * *

തത്വജ്ഞാനി: സൃഷ്ടിയുടെ ആരംഭം കണ്ടിട്ടുള്ള വരാരാണ്.

ശാപ്പാട്ടുരാമൻ: അത്ര ദൂരം പോകേണ്ട, നമ്മൾ ദിവസവും തിന്നുന്ന ആ കോഴിമുട്ടയുടെ ആരംഭം തന്നെ കണ്ടിട്ടുള്ളതു ആരാണ്.

ദാൎശനികൻ: ഹാളിവുഡ്ഡിലെ സിനിമാ നക്ഷത്രങ്ങൾക്കും നമ്മുടെ ഹിന്ദുമത സന്യാസികൾക്കും വളരെ സാദൃശ്യമുണ്ടു്.

സാധാരണക്കാരൻ: എങ്ങിനെ!

ദാൎശനികൻ: സൌകൎയ്യത്തെ ഉദ്ദേശിച്ചു ഏററവും ചുരുങ്ങിയ ഉടുപ്പു; ലോകത്തിൽ തങ്ങൾ നടന്മാരാണെന്ന ഭാവം; ഒരാളിൽത്തന്നെ ഒതുങ്ങി നില്ക്കാതെ എല്ലാവരിലേക്കും വികസിക്കുന്ന പ്രേമം; മററും, മററും.

* * *

ആദൎശ വാദി: ഞാൻ ശ്രീകൃഷ്ണനെപ്പോലെ ജീവിക്കുവാൻ എന്നാലായതു ചെയ്യും.

വാദിനി: എനിക്കതു സാദ്ധ്യമല്ല, കഴിവുള്ള പക്ഷം ഞാനൊരു പാഞ്ചാലിയായാൽ മതി.

* * *

"മാസികകളിൽ അധികവും, ലക്ഷ്മീഭായി, കൈരളി, കൌമുദി, ശാരദ, ഇങ്ങനെ പെണ്ണുങ്ങളുടെ പേരോടുകൂടി പുറത്തുവരുന്നതിൻെറ കാരണമെന്താണ്. ?"

"പെണ്ണുങ്ങളെപ്പോലെ മാസത്തിൽ ഒരിക്കൽ പുറത്താവുന്നതു കൊണ്ടു.!"

* * *

സമത്വവാദിനിയായ ഭാൎയ്യ: ഇനി മുളകും മഞ്ഞളും നിങ്ങൾ തന്നെ അരക്കണം.

ഭൎത്താവു: അരച്ചോളാം.

ഭാൎയ്യ: അടുക്കളപ്പണി മുഴുവൻ തന്നെ.

ഭൎത്താവു: ചെയ്തോളാം.

ഭാൎയ്യ: കുട്ടികളെക്കൂടി.

ഭൎത്താവു: നോക്കിക്കോളാം.

ഭാൎയ്യ: പുടവ.

ഭൎത്താവു: എന്തുവേണമെങ്കിലും ചെയ്തോളാം. എന്നാൽ ചിലതു മാത്രം പറയരുതു്.

ഭാൎയ്യ: ഉം, എന്താതു്!

ഭൎത്താവു: ഗർഭം ധരിക്കൽ, പ്രസവിക്കൽ, മററു ചിലതും കൂടി.

* * *

പാൎവ്വതി: നിങ്ങളെന്താ അയൽവക്കത്തെ കുട്ടികളെ ഇങ്ങനെ ലാളിക്കുന്നതു്!

പരമേശ്വരൻ: നല്ല കൌതുകമുള്ള കുട്ടികൾ.

പാൎവ്വതി: കുട്ടിക്കാലത്തു് കഴുതയും നന്നായിരിക്കും.

പരമേശ്വരൻ: സംശയമില്ല, നീ തന്നെ അതിന്നൊരു ഉദാഹരണമല്ലെ!

* * *

ഇക്കാലത്തു ഒരാളേയും വിശ്വസിച്ചുകൂടാ. എന്തിനു എൻെറ കുടിയാൻ തന്നെ എനിക്കു ഇന്നലെ ഒരു കള്ളനാണ്യം തന്നു.

നോക്കട്ടെ. അതെവിടെ?

"ഓ! അതിപ്പോൾ എൻെറ കൈവശം ഇല്ല. ഞാനതു പാൽക്കാരനു കൊടുത്തു.

* * *

ആയാൾ ആഫീസിൽനിന്നു വൈകി വന്നതിന്നു ഭാൎയ്യ കുറെ ശകാരിച്ചു. പിന്നീട് അവൾ വിഷയം മാററണമെന്നുദ്ദേശിച്ചു പറഞ്ഞു.

"അപ്പോഴേ, ആ മാണിക്കത്തിൻെറ ഭാൎയ്യ മരിച്ചുവത്രേ."

"ഒരു ചുരുങ്ങിയ നേട്ടമല്ല അതു്!" ഭൎത്താവ് അഭിപ്രായപ്പെട്ടു.

* * *

മാനേജർ: നീയെന്തിനാണ് സ്റ്റീൽപെൻമുന ഇത്ര അധികം നേരം വെച്ചുകൊണ്ടിരിക്കുന്നതു്.

ഓഫീസ് ബോയ് (കൂലി കിട്ടണമെന്നപേക്ഷിച്ചതിന്നുശേഷം) മുനയുടെ തലച്ചോറ് തണുപ്പിക്കാൻ സേർ.

* * *

മജിസ്ട്രേട്ട്: നീ സമാധാനം ആശിക്കുന്നില്ല.

പ്രതി: ഉവ്വ്, അതുകൊണ്ടാണിങ്ങിനെ ചെയ്യേണ്ടി വന്നതു്.

മജിസ്ട്രേട്ട്: അപ്പോൾ എന്തിനെ നീയ് ആ പോലീസുകാരൻെറ തലയ്ക്കു് കല്ലെറിഞ്ഞതു്?

പ്രതി: അതിന്നുശേഷം കുറച്ചു കാലം ആ പ്രദേശത്ത് എന്ത് സമാധാനമായിരുന്നുവെന്നോ?

* * *

ഓമനേ, നാം വിവാഹം ചെയ്യാനുറച്ചതു് ആരോടും പറയേണ്ട.

"പക്ഷെ എനിക്ക് ശങ്കരനോടു പറയണം. ആ കോങ്കണ്ണൻ പറഞ്ഞു എന്നെ കല്യാണം കഴിക്കുന്നതിന്നു ഒരു വിഡ്ഢിലോകത്തിലുണ്ടാവില്ലെന്നു്.

* * *

"നിങ്ങൾക്കെന്താണ് കാലിൽ ഇങ്ങിനെ നൊണ്ടുന്നതു്?"

"എന്തോ ഒരു വീഴ്ച്."

"ഓ അതത്ര സാരമില്ല. കഴിഞ്ഞ തിങ്കളാഴ്ച എനിക്കും ഇങ്ങിനെ വന്നുപെട്ടു. എന്നിട്ടു എൻെറ ഭാര്യ തലോടിയപ്പോൾ അതെല്ലാം സുഖപ്പെട്ടു.

നിങ്ങളുടെ ഭാൎയ്യ ഇപ്പോൾ വീട്ടിലുണ്ടോ?

* * *

"അപ്പോൾ ശങ്കർ" മജിസ്ട്രേട്ട് ചോദിച്ചു "എങ്ങിനെ നിങ്ങൾ വീണ്ടും കോടതിയിലെത്തി."

"രണ്ടു പോലീസുകാർ കൊണ്ടുവന്നു."

കുടിച്ചിരുന്നു?

ഉവ്വ് "അവർ രണ്ടുപേരും."

* * *

"നിങ്ങൾക്ക് അത്രയധികം രോഗമൊന്നുമില്ല" യുവാവായ ഡോക്ടർ രോഗിയോടു പറഞ്ഞു "കൂടുതൽ വ്യായാമമെടുക്കുക, കുറച്ചേ ഭക്ഷിക്കാവൂ. എന്നാൽ പിന്നെ നിങ്ങൾക്കൊന്നും ഉണ്ടാവുകയില്ല."

"ഹേ, ഡോക്ടർ" രോഗി പറഞ്ഞു, നിങ്ങൾ അഞ്ചു വൎഷമായിട്ടേ ഉള്ളു ഡോക്ടരായിട്ടു്. 25 വൎഷമായി ഞാനൊരു രോഗിയാണ്. താങ്കൾ പറയുന്നതെന്താണെന്നു് നിങ്ങൾക്കറിഞ്ഞുകൂടാ."

ഉദ്ധരണപംക്തി

# അവർ പറയുന്നതു്

## അവരുടെ അവകാശങ്ങൾ

സോവിയററു നാട്ടിൽ വൈവാഹികബന്ധങ്ങൾ നിയന്ത്രിക്കുകയും നിർവ്വഹിക്കുകയും ചെയ്യുന്നതു പരിപൂർണ്ണസമത്വത്തിൻെറ അടിസ്ഥാനത്തിന്മേലാണു്. എന്നാൽ സോവിയററു നിയമപ്രകാരം സാധുത ലഭിക്കണമെങ്കിൽ വിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണു്. പരസ്പര സമ്മതത്തോടുകൂടിയായിരിക്കണം വിവാഹം; ദേശീയവും, മതപരവും, വർഗ്ഗീയവും, സാമുദായികവുമായ എല്ലാ പ്രതിബന്ധങ്ങളിൽനിന്നും അതു് സ്വാതന്ത്ര്യമാണു്. മാതാപിതാക്കളുടെയും, രക്ഷിതാക്കന്മാരുടെയും, കാരണവരുടെയും അനുമതി ആവശ്യമില്ല. പക്ഷെ വധൂവരന്മാർ പ്രായപൂർത്തി വന്നവരും, മററു വൈവാഹികവിഘ്നങ്ങളിൽനിന്നു വിമുക്തരുമായിരിക്കണം. അടുത്ത ബന്ധുക്കളുമായി വിവാഹം നിഷിദ്ധമാണു്.

രണ്ടുകൂട്ടർക്കും അവർക്കിഷ്ടമുള്ള ജോലിയോ, ഉദ്യോഗമോ തെരഞ്ഞെടുക്കുന്നതിന്നു സ്വാതന്ത്ര്യമുണ്ടു്. ഗാർഹികകാര്യങ്ങളെല്ലാം അന്യോന്യാനുമതിയോടെ നിർവ്വഹിക്കപ്പെടുന്നു. അഥവാ വേണമെങ്കിൽ വേറിട്ടു താമസിക്കുന്നതിന്നും സാദ്ധ്യമാണു്. വിവാഹത്തിന്നുമുമ്പു്, അവരവർക്കുള്ള സ്വത്തു്, അതാതാളുടെ സ്വന്തമായി പരിഗണിക്കപ്പെടുന്നു. എന്നാൽ വിവാഹശേഷം ഉള്ള സ്വത്തു് ഇരുകൂട്ടർക്കും പൊതുവെ അവകാശപ്പെട്ടതാണു്.

മാതാപിതാക്കന്മാരും കുട്ടികളും തമ്മിലുള്ള ബന്ധവും സമത്വത്തോടുകൂടിയതാണു്. മാതാപിതാക്കൾ കുട്ടികളുടെ രക്ഷിതാക്കളായ നിയമം പരിഗണിക്കുന്നു; അമ്മയ്ക്കും അച്ഛനെപ്പോലെ തന്നെയുള്ള അവകാശമുണ്ടു്. കുട്ടികൾക്കു എന്തെങ്കിലും ജോലി ചെയ്യാറാകുന്നതുവരെ അവരെ പോററിരക്ഷിക്കേണ്ടതു് മാതാപിതാക്കളുടെ കടമയാണു്—[ജി. സ്വേർഡ്ലോവ്—"വിവാഹം, കുടുംബം ഇവയെ സംബന്ധിച്ച സോവിയററു് നിയമം" എന്ന ഒരു ലേഖനത്തിൽ.]

## രണ്ടു സംസ്കാരങ്ങൾ തമ്മിൽ വടംവലി

മനുഷ്യചരിത്രത്തിലേക്കു സൂക്ഷ്മമായി ഒന്നു കണ്ണോടിച്ചു നോക്കിയാൽ, രണ്ടു സംസ്കാരങ്ങൾ തമ്മിൽ പലപ്പോഴും ഒരു വടംവലി നടന്നുവരുന്നതായിക്കാണാം—ഒന്നു പഴയതും മറേറതു പുതിയതും. മനുഷ്യൻ പ്രകൃതിയുമായുള്ള സമരത്തിൽ വിജയം നേടിവരുന്നതു് സ്വഭാവം, യുക്തി, സദാചാരം എന്നീ ചില രീതികൾ ജീവിതവുമായി കൂട്ടിയിണക്കുന്നതുകൊണ്ടാണു്. തന്മൂലം സ്വഭാവം, യുക്തി, സദാചാരം ഇവ മൂന്നുമാണു് സംസ്കാരത്തിൻെറ നാരായവേരുകൾ. സമുദായഘടന ഒരു പരിവർത്തന ദശയിലൂടെ കടന്നുപോവുമ്പോൾ പഴയ രീതിയിലുള്ള ചിന്താരീതിയും യുക്തിയും ധാർമ്മികത്വവും അപരിഷ്കൃതവും കിരാതപരവുമാണെന്നു പരിവർത്തനവാദികൾക്കു ബോദ്ധ്യമാവുന്നു. പുതുതായുണ്ടായ സ്വഭാവം ധാർമ്മികബോധം, യുക്തി ഇവ പഴയ സംസ്കാരവുമായി യോജിപ്പിക്കാൻ നിവൃത്തിയില്ലാതെ ഒരു പുതിയ സംസ്കാരം തന്നെ ആവശ്യമായിവരുന്നു.

ചിന്താരീതിയിലുണ്ടാവുന്ന അഭിവൃദ്ധിയാണു് അപ്പോൾ സാംസ്കാരികവികാസത്തിൻെറ ഉപാധിയെന്നു കാണുന്നു. അങ്ങിനെ വന്നാൽ പഴയ രീതികൾ തകർന്നുപോവുകയും പുതിയതിന്നുള്ള പരിതസ്ഥിതികൾ പക്വമായിരിക്കയും വേണം. സംസ്കാരം പരിവർത്തനോത്സുകമാണു്; അതിനാൽ അതിന്നു ശാശ്വതത്വം കല്പിച്ചുകൂടാ. സാമുദായികാവശ്യങ്ങളെ പരിഗണിച്ചു അവരുടെ സാദ്ധ്യതയ്ക്കുവേണ്ടി സമുദായഘടനയിൽ പരിവർത്തനം വന്നുചേരുമ്പോൾ ഈ സാദ്ധ്യതകൾ തികച്ചും പ്രായോഗികമാകുന്നതിന്നു സംസ്കാരത്തിൻെറയും സഹായം വേണ്ടിവരുന്നു. അപ്പോൾ ഈ പുത്തൻ സാദ്ധ്യതകൾക്കനുസരിച്ചുവിധത്തിൽ സംസ്കാരവും പുത്തനാവണം. ഈ അവസരത്തിലാണു് പുതിയ സമുദായഘടനയിലെ സമ്പ്രദായങ്ങൾക്കനുയോജിച്ച സംസ്കാരവും സമുദായത്തിൻെറ ഭാവി വികാസത്തിന്നു അത്യാവശ്യമായ പുതിയ സംസ്കാരവും തമ്മിൽ പ്രത്യക്ഷമായ ഏററുമുട്ടലുണ്ടാവുന്നതു്. എന്നാൽ ഈ അന്യോന്യവൈരുദ്ധ്യം എല്ലായ്പോഴും പ്രത്യക്ഷത്തിൽ കണ്ടില്ലെന്നുവരാം. അതു നേരിയതൊ തീവ്രമോ ആയെന്നും വരാം. ഈ വൈരുദ്ധ്യത്തെ പററി സമുദായം മുഴുവനും അറിഞ്ഞിട്ടേ ഇല്ലെന്നുവരാം. എങ്കിലും ആ വൈരുദ്ധ്യം, വടംവലി അതു സമുദായാന്തർഭാഗത്തു ചിലപ്പോൾ പുകഞ്ഞും മററു ചിലപ്പോൾ ആളിക്കത്തിയും ഉണ്ടായിരിക്കും. ഈ വടംവലി തികച്ചും വെളിപ്പെടുന്നതു, പഴയ സംസ്കാരത്തെ മുറുകിപ്പുണരുന്നവർ തങ്ങളാണു് പരിഷ്കൃത രീതികളുടേയും സദാചാരത്തിൻേറയും വളർത്തമ്മമാരെന്നു അവകാശവാദം പുറപ്പെടുവിക്കുകയും എതിരുകാർ ഈ സദാചാരവും മററും മൂഢയവും അപരിഷ്കൃതവുമാണെന്നു പരസ്യമായി പറഞ്ഞു വകവെക്കാതെ പുറത്തുവരികയും ചെയ്യുമ്പോഴാണു്. ഈ സമയത്തു പൊതുജനാഭിപ്രായം പുത്തൻകൂററുകാർക്കു പ്രതികൂലമായിരിക്കും. എന്നാൽ ലോകം പുരോഗമിയ്ക്കുമ്പോൾ സമുദായ ഘടനയിൽ ഒരു ഉടച്ചുവാർക്കൽ അപരിത്യാജ്യമാണെന്നു അധികമധികം ബോദ്ധ്യം സാർവ്വത്രികമായി മർദ്ദിതശക്തികളിൽ പടർന്നുപിടിക്കുമ്പോൾ സ്ഥിതിഗതികൾ നേരെ മറിച്ചു വരാതിരിക്കയില്ല. പഴഞ്ചന്മാർ പുത്തൻ കൂററുകാരെ അടിച്ചമർത്താൻ അപരിഷ്കൃതവും മൃഗീയപരവുമായ രീതികൾ ഉപയോഗിക്കാൻ തുടങ്ങുന്നു; അപ്പോൾ പൊതുജനങ്ങൾ പുത്തൻകൂററുകാരുടെ സമ്പ്രദായങ്ങളാണു് പരിഷ്കൃതവും സദാചാരപരവുമെന്നു ബോദ്ധ്യം വന്നു ഇവരുടെ ഭാഗത്തേക്കു ചായുന്നു. ആദ്യമായി പുത്തൻകൂററുകാർക്കു പഴഞ്ചൻ സംസ്കാര വാദികളുടെ എതിർപ്പിനെ പ്രതിരോധിക്കാനുള്ള ഒരേ ഒരായുധം യുക്തിമാത്രമാണു്. പഴയ കൂട്ടരുടെ എതിർപ്പു നഗ്നമായ കിരാതത്വമായി പരിണമിയ്ക്കുമ്പോൾ സദാചാരം പുത്തൻ കൂററുകാരുടെ ഭാഗത്തുവരികയും അങ്ങിനെ പൊതുജനാഭിപ്രായവും അവർക്കനുകൂലമാക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ സദാചാരം എന്നും പുത്തൻ കൂററുകാരുടെ ഭാഗത്തു തന്നെയായിരിക്കും. ജനങ്ങൾ അതു് ആദ്യം തന്നെ മനസ്സിലാക്കുന്നില്ലെന്നേ ഉള്ളു.

പഴമയും പുതുമയും തമ്മിൽ സംസ്കാരത്തിന്നു വേണ്ടിയുള്ള വടംവലിക്കു് ഇപ്രകാരം മുറുക്കം കൂടുമ്പോളാണു് പഴയ കൂട്ടർ അവരന്നേവരെ ആരാധിച്ചും ആദരിച്ചും സംരക്ഷിച്ചും വന്നിരുന്ന സംസ്കാരത്തെത്തന്നെ അവസാനത്തെ പൊരുതലിൽ നില്ക്കക്കള്ളിയില്ലാതെ വലിച്ചെറിയുന്നതു്. (എം. ജി. ഹാരിസ്—"സംസ്കാരവും പുരോഗമനവും")

## ഇന്നത്തെ പോളണ്ടു്

ലൂബ്ലിൻ, പ്രാഗ, ചെം, റാഴിൻ തുടങ്ങിയ വിമോചിതമാക്കപ്പെട്ട നഗരങ്ങളിലും, മററു ഉൾനാടൻ ജില്ലകളിലും ഞാൻ സഞ്ചരിക്കുകയുണ്ടായി. ഈ സഞ്ചാരങ്ങളിലൊന്നും എനിയ്ക്കു് യാതൊരു നിരോധനവും, വിഘ്നങ്ങളുമുണ്ടായില്ല. പോളിഷ് ജനങ്ങളും നേതാക്കന്മാരും ഒരമേരിക്കൻ സ്നേഹിതന്നു സർവ്വതും കാണിച്ചുകൊടുക്കുന്നതിന്നു അത്യുത്സുകരായി കാണപ്പെട്ടു.

ജർമ്മൻകാർ വരുത്തിക്കൂട്ടിയ ഭീമമായ നാശങ്ങളാണു് ആദ്യമായിത്തന്നെ എൻെറ കൺമുന്നിൽ പെട്ടതു്. തൊഴിൽശാലകളും, ഗ്രാമങ്ങളും നഗരങ്ങളും ഇടിച്ചുപൊളിക്കുകമാത്രമല്ല അവർ ചെയ്തിട്ടുള്ളതു്, ആ ജർമ്മനിയിലേക്കു ബഹുസഹസ്രം തൊഴിലാളികളെ ദാസ്യവേലക്കായി കൊണ്ടുപോയിട്ടും ഉണ്ടു്. യുദ്ധത്തിന്നു മുമ്പു 110,000 ജനസംഖ്യയുണ്ടായിരുന്ന റാഴിനിൽ ഇന്നു 84,000 പേർ മാത്രമേയുള്ളു.

ജനസംഖ്യയിൽ കാൽഭാഗം മേഡനക്കിലെ മരണശാലയിൽ വെച്ചു കൊല്ലപ്പെട്ടു.

വാർസയിലെ വമ്പിച്ച ഒരു വൈവസായിക നഗരമായ പ്രാഗയിലെ തൊഴിൽശാലകൾ മുഴുവനും മൺകൂമ്പാരമായി മാറിയിരിക്കുന്നു. പ്രായപൂർത്തി വന്ന തൊഴിലാളികളിൽ 90 ശതമാനവും ജർമ്മനിയിലേക്കു കയററപ്പെട്ടിരിക്കുന്നു.

പോളിഷ് ധിഷണാശാലികളെ മിക്കവാറും ജർമ്മൻകാർ വധിച്ചുകഴിഞ്ഞു. സർവ്വകലാശാല പ്രഫസർമാരും, വൈദ്യന്മാരും ഒട്ടുമുക്കാലും മൃതരായിരിക്കുന്നു. നശിക്കപ്പെട്ട ഒരു യൂറോപ്പിലെ ഏററവും ബലമുള്ള ഒരു ശക്തിയാവുകയും, മൂന്നാമതൊരു മഹായുദ്ധമുണ്ടാക്കി അതിൽ വിജയം നേടുന്നതിന്നു ഇപ്പോൾതന്നെ പദ്ധതികളുണ്ടാക്കുകയും ചെയ്യുന്നതു് നാസികളുടെ ഒരു തന്ത്രമാണു്.

എല്ലാ സെക്കണ്ടറി സ്കൂളുകളും, യൂനിവേർസിററികളും ജർമ്മൻകാർ പൂട്ടിയിട്ടും ജർമ്മൻകാർ ഗ്രന്ഥങ്ങളെല്ലാം തീയിട്ടുകളഞ്ഞതിനാൽ ഇന്നു പ്രഫസർമാർക്കു് ഓർമ്മയിലുള്ളതുമാത്രമേ പഠിപ്പിക്കാൻ സാധിക്കുന്നുള്ളു.

"ഓർമ്മിച്ചുകൊണ്ടുമാത്രം, സയൻസും, വൈദ്യശാസ്ത്രവും, കെമിസ്ട്രിയും പഠിപ്പിക്കാൻ വിഷമമാണു്."

ല്വോവ് യൂനിവേർസിററിയിലെ ഒരു പ്രഫസ്സറായിരുന്ന ഡോക്ടർ വാക്ലാ റാബെ എന്നോടു പറയുകയുണ്ടായി, "ഫോർമുലകൾ മുഴുവനും ശരിയായി ഓർമ്മിച്ചു വെക്കുന്നതിന്നു വയ്യ. പ്രത്യേകിച്ചും, നായാടപ്പെട്ട മൃഗങ്ങളെപ്പോലെ അഞ്ചു വർഷത്തോളം പ്രഫസ്സർമാർ കഴിഞ്ഞുകൂടിയതിന്നു ശേഷം, ഏറെതേററവും വിഷമമായി തോന്നുന്നു." ഈ ബുദ്ധിമുട്ടുകളെല്ലാം ഉണ്ടെങ്കിലും, ഇന്നു രണ്ടു സർവ്വകലാശാലകൾ നടന്നുവരുന്നു.

(അന്നലൂയി സ്റ്റ്റോങ്ങ്—"സ്വതന്ത്രയായ പോളണ്ടു്.")

## ബ്രി. തൊഴിൽശാലകളിൽനിന്നു റഷ്യൻ രണരംഗത്തിലേയ്ക്കു്.


റഷ്യൻ സേനകളുടെ വിരോചിതമായ സമരത്തിന്നുവേണ്ടി ലക്ഷലക്ഷം ടൺ സാമാനങ്ങൾ ബ്രിട്ടൻ നല്കിയിട്ടുണ്ടു്. 1941 ഒക്ടോബരിന്നും 1944 ന്നു മദ്ധ്യത്തിൽ നല്കിയ സൈനിക സാമഗ്രികളിൽ [illegible],031 ടാങ്കുകളും, ലോറികളും, ആംബുലൻസ് മടങ്ങുന്ന 4,020 വാഹനങ്ങളും, 2,463 ബ്രൺ വാഹിനികളും, 1,706 മോട്ടോർ സൈക്കിളുകളും, 30,227 നാഴിക ദൂരം വരുന്ന ടലിഫോൺ കേബ്ബുളുകളും ഉൾപ്പെടുന്നു. 6,778 വിമാനങ്ങളും 35,115,000 പവൻ വിലക്കുള്ള അസംസ്കൃത പദാർത്ഥങ്ങളും നല്കപ്പെട്ടിട്ടുണ്ടു്. ബ്രിട്ടീഷ് ജനങ്ങൾ 3,047,725 പവൻ വിലയുള്ള ഔഷധസാമഗ്രികളും ബ്രി. ഗവർമ്മെണ്ടു് 2,500,000 പവൻ വിലപിടിക്കുന്ന തുണിത്തരങ്ങളും സംഭാവന ചെയ്തിട്ടുണ്ടു്.

(സോവിയററു യൂനിയൻ ന്യൂസ്.)

**ലേഖകന്മാർക്കു്**

ലേഖനങ്ങൾ മടക്കി അയക്കണമെന്നാവശ്യമുള്ളവർ അതിന്നുവേണ്ട സ്റ്റാമ്പ് ഒന്നിച്ച് അയക്കാത്തപക്ഷം മടക്കി അയക്കുന്നതല്ല.

## ബർല്ലിന്റെ പടിവാതിൽക്കൽ ഒരസാധാരണ വിരുന്നുകാരൻ!




# വാസ്തവമോ, സ്വപ്നമോ?

(ജി. പി. ശങ്കരമംഗലം)

(കേക)

അത്താഴം കഴിഞ്ഞന്നും ചാരുകട്ടിലിൽ മജ്ഞു-
പത്രികാപാരായണത്തിന്നു ഞാനൊരുമ്പെട്ടു :
എതിരേ, വാനാന്ത്യത്തിലമ്പിളിക്കലയേററം-
വിളറിക്കാണായ്, പരാജിതർ തൻ വക്ത്രംപോലെ :

താവുമാറായി ജർമ്മൻസേനപോലെങ്ങും കണ്ടു
താരക നിവഹങ്ങൾ താന്തരായ്-സംഭ്രാന്തരായ്,
സമരപ്രകാരത്തിൻ വിസ്തൃത വൃത്താന്തങ്ങൾ
സരസം വായിച്ചു ഞാൻ തുഷ്ടനായ്, സംതൃപ്തനായ്,
അല്പമൊന്നുറങ്ങിയോ ; കണ്ടു ഞാനൊരു ചിത്രം,
സ്വപ്നമോ, സത്യംതാനോ, ഇപ്പൊഴും സന്ദേഹിപ്പൂ :

പേരാളും 'ബർലിൻ' മഹാപട്ടണ മദ്ധ്യത്തിലായ്
'യൂണിയൻ' കൊടിക്കൂറ പാറുന്നു വിഹായസ്സിൽ
സഖ്യസൈന്യാധീശന്റെ ശാസനപ്രകാരങ്ങൾ
ദിക്കെങ്ങും ജയജയ ഘോഷത്താൽ മുഴങ്ങുന്നു :

ആയിരക്കണക്കായി നാസികൾ തടങ്ങലിൽ-
ത്തായ്ത്തിൻ ഫലം ഭുജിച്ചാർത്തരായ് കഴിയുന്നു :
അക്രമപ്രധാനികൾ ഹിററ്ലർ തൊട്ടവരോരോ-
ദുർഘടദുർഗ്ഗങ്ങളിൽ ബദ്ധരായ് കിടക്കുന്നു.

ശുദ്ധരാം ജർമ്മൻപ്രജാ സഞ്ചയമിരുട്ടിന്നു-
മുക്തരായ് സന്തോഷാബ്ധി മഗ്നരായ് കഴിയുന്നു.
ബ്രിട്ടനു,മമേരിക്ക, റഷ്യ, ഫ്രാൻസിവ ചേർന്നു-
ചിട്ടയായ് ജർമ്മൻരാജ്യഭരണം നടത്തുന്നു :

സാരമാം സമാധാന വാരിധി മഥിച്ചാത്ത-
പൂരിത സന്തോഷമാം പീയൂഷം ഭുജിക്കയാൽ,
അനിർവ്വാച്യമാം തൃപ്തിയാർന്നു സൽപ്രജാവൃന്ദ
മമരപ്രഭന്മാരായ് ദിവ്യരായ് വർത്തിക്കുന്നു :

സമരപ്പിശാചിനെ സന്മന്ത്രപ്രയോഗത്താ-
ലുലകിൻ ഭാഗങ്ങളിൽ നിന്നെങ്ങുമൊഴിവാക്കി
ആദർശഗുണങ്ങളാലത്ഭുതകരം, രാജ്യ-
ഭാരത്തെ നടത്തുന്ന സഖ്യശക്തികളെങ്ങും :

അച്ചിത്രമഹോന്നത ശക്തിയെൻ ഹൃദയത്തി-
ലത്ഭുതസന്തോഷത്തിലന്നന്നെ, യാനയിച്ചു
കണ്ണൊന്നു തുറന്നു ഞാൻ കമ്രമാം ലോകത്തിന്റെ-
കല്യാണ വിലാസങ്ങൾ കണ്ടേററം കൃതാർത്ഥനായ്.

പുത്രികാ സമീപത്തെൻ പത്നിയാളഭികാമ്യ-
നിദ്രതൻ മടിത്തട്ടിൽ നിശ്ചലം കിടക്കുന്നു.

ഉത്സവം കണ്ണിന്നേകുമുൽഫുല്ലം സൂനംപോലെൻ
വത്സലകുമാരിയാൾ ഭദ്രമായുറങ്ങുന്നു.

ചുവരിൽത്തൂങ്ങും ഘടിയന്ത്രത്തിലിരുവട്ടം
'മണി'തന്നാവർത്തന നാദങ്ങൾ കേൾക്കായ് വന്നു.

സ്വപ്നമാണെന്നോ, ശരി, യെങ്കിലെന്തകത്തൊരു
ശക്തിയോതുന്നു "ഭാവിചിത്രമാണിതു വത്സാ!"
സ്വപ്നങ്ങൾ പലപ്പൊഴും സത്യമായ് ഭവിക്കുന്നു
സ്വർഗ്ഗമാരംഗം കാത്തു ഞാനിതാവസിക്കുന്നു.

# "ശവത്തിന്റെ ജീവചരിത്രം"

(ഡാക്ടർ കെ. സി. പത്മാവതി.)

ഭീമമായ ആ ശവം, വെടിയുണ്ടകൾകൊണ്ടു് കീറിമുറിഞ്ഞ ആ പട്ടക്രൂററൻ ശവശരീരം, അതാ കിടക്കുന്നു. മാംസളമായ അതിൽനിന്നു ചോരയൊലിക്കുന്നു. അങ്ങിങ്ങായി ദേഹത്തിലെ മാംസങ്ങൾ ചിന്നിച്ചിതറിച്ചാടിയിട്ടുണ്ടു്. വാരിഭാഗത്തെ എല്ലുകൾ വെളുവെളുത്തു് വെളിയിൽ വന്നിരിക്കുന്നു. ചതച്ചീഞ്ഞ ഒരു മാംസപിണ്ഡം!

ജനങ്ങൾ ആർത്തുവിളിക്കുന്നു; വിജയഭേരി മുഴക്കുന്നു! എങ്ങും ഉല്ലാസം, ഉത്സാഹം, ഊർജ്ജസ്വലത!

ആ ശവത്തിന്റെ തുറിച്ച കണ്ണുകൾ ഇപ്പോഴും ഇതൊക്കെ നോക്കിക്കാണുന്നുണ്ടാമോ? ആ വീർത്തു തടിച്ച താടിയെല്ലു് വിടന്നിരിക്കുന്നതു് പശ്ചാത്താപംകൊണ്ടാണോ? ആ ശവത്തിന്റെ പല്ലിളി പരാജയത്തിന്റേതാണോ?

വെടിവെച്ചു വീഴ്ത്തിയ ഒരു പന്നിയെ നായാട്ടുകാർ നോക്കിക്കണ്ടു രസിക്കുംപോലെ പുരുഷാരം ആ ശവസന്നിധിയിൽ തടിച്ചുകൂടുന്നു. അവർ കരയുന്നു, വ്യസനംകൊണ്ടല്ല സന്തോഷംകൊണ്ടു്. അവരുടെ ആധിയുടെ അവസാനം കണ്ടുകഴിഞ്ഞു. അവരുടെ കാലൻ അതാ ചത്തു നാറിക്കിടക്കുന്നു. "ഇനിയൊന്നും പേടിക്കാനില്ല" അമ്മമാർ കുട്ടികളുടെ മുഖത്തു ഉമ്മവെച്ചുകൊണ്ടു പിറുപിറുത്തു: "നമുക്കു വിമോചനമായി." തൊഴിലാളി സ്നേഹിതന്മാർ അന്യോന്യം കെട്ടിപ്പിടിച്ചു. സന്തോഷത്താൽ അവരെല്ലാം ആർത്തുവിളിച്ചു.

വായിൽപ്പല്ലില്ലാത്ത ആ കിഴവി ശവത്തിന്റെ മുഖത്തു കാക്കിത്തുപ്പി. "എന്റെ മകന്റെ. . . ." അവൾക്കു് ഗദ്ഗദത്താൽ ബാക്കി പറയാൻ സാധിച്ചില്ല.

* * *

ആദ്യമായി ആ കൊല്ലന്റെ ഭാര്യ പ്രസവിച്ചപ്പോൾ, തന്റെ കുട്ടിയെ കണ്ടു സന്തോഷിച്ചിട്ടുണ്ടാവണം. എത്ര പ്രാവശ്യം ആ പുത്രവത്സലയായ മാതാവു തന്റെ കുഞ്ഞൊരു മിടുമിടുക്കനാവണമെന്നു വിചാരിച്ചു മാംസളമായ ആ കുഞ്ഞിമുഖത്തു ഉമ്മവെച്ചിട്ടുണ്ടായിരിക്കണം! എത്ര പ്രാവശ്യം അവരുടെ പുത്രന്റെ ഭാവിയെപ്പററി അവർ ആലോചിച്ചു തല പുകച്ചിരിക്കണം. തൊട്ടിലിൽ കാൽ കുടഞ്ഞു കളിക്കുന്ന ആ ചെറുപൈതൽ, രാജ്യത്തെ മുഴുവനും, ലോകത്തെ മുഴുവനുംതന്നെ വിഷമയമാക്കുന്ന ഒരു വിഷബീജമാണെന്നു ആ പാവപ്പെട്ട അമ്മ ഓർത്തിരിക്കുമോ?

അവസാനം തന്റെ മകൻ പുഴുത്ത പട്ടിയെപ്പോലെ പരസ്യമായി വെടിവെച്ചു കൊല്ലപ്പെടുമെന്നു സ്വപ്നത്തിൽപോലും അറിഞ്ഞിരിക്കുമോ?

ഇല്ല; തീർച്ചയായിട്ടും ഇല്ല!

* * *

ആയാൾ ഒരു "ഒരുപ്പോക്കനാ"യി വളർന്നു. യൌവനത്തിന്റെ മദിരാലഹരി ആ യുവാവിന്റെ തലയിൽ ആയിരമായിരം ഉന്മാദങ്ങൾ ചിതറി. ആയാൾ തൊഴിലാളി നേതാവായി; പട്ടാളക്കാരനായി; പ്രാസംഗികനായി; പത്രാധിപരായി. ഭ്രാന്തുപിടിച്ച എന്തോ ചില ചിന്തകൾ ആയാളുടെ തലച്ചോറിൽ കൂട്ടുകൂട്ടാൻ ആരംഭിച്ചു. എന്തെന്നെയല്ല, തീയാളിക്കുന്ന ആ അഭിപ്രായങ്ങളെ ആയാൾ വിതറി. വായാടിയായ ഒരു ഭ്രാന്തൻ, ആവേശങ്ങളെ ഇളക്കിവിടുന്ന ഒരു ഉപദേവി പലരും ആയാളെ പിൻതുടർന്നു. കിറുക്കൻ നേതാവായി. പത്രങ്ങൾ ആയാളെ പ്രകീർത്തിച്ചു.

* * *

ഒരു സുപ്രഭാതത്തിൽ അതാ, ആയാൾ പ്രധാനമന്ത്രിയാവുന്നു! ആളുകൾക്കു അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്തിന്നു്? ആയാൾതന്നെ ആദ്യം വിശ്വസിച്ചിട്ടുണ്ടാവില്ല. തീവണ്ടിയിൽ കിടന്നുറങ്ങുമ്പോൾ, ആയാളെ രാജാവു വിളിക്കുന്നുണ്ടെന്നു് ഒരു ദൂതൻ വന്നു പറഞ്ഞു. ആദ്യത്തിൽ ആയാൾക്കു ഒരു വിറയാണുണ്ടായതു്. എന്തിനായിരിക്കും അതു്?

പുറത്തു ബാൻറുവാദ്യങ്ങൾ! ആളുകൾ ആയാളെ ശ്ലാഘിക്കുന്നു, 'ജേ' വിളിക്കുന്നു. രാജോചിതമായ ആഡംബരങ്ങൾ, അലങ്കാരങ്ങങ്ങൾ! ആയാൾ കാറിൽ കയറി. രാജാവു ആയാളെ പിടിച്ചിരുത്തി പ്രധാനമന്ത്രിയാക്കി.

ആ മനുഷ്യൻ മുഷ്ടി ചുരുട്ടി പ്രസംഗിച്ചു ലോകത്തെ തവിടുപൊടിയാക്കുമെന്നു്! ഏതൊരു പേക്രൂത്തിന്റെ നന്ദിയായിരിക്കും അതു്? ലോകം അന്ധാളിപ്പോടെ ഉററുനോക്കി.

* * *

"സ്വാതന്ത്ര്യം" അതിന്റെ നാരായവേരിൽ ആയാൾ കത്തിവെച്ചു. ജനകീയ പ്രക്ഷോഭണം! അതിന്റെ അടിസ്ഥാനം ആയാൾ ഇടിച്ചുനിരത്തി. പുറരാജ്യക്കാർക്കു് ഒന്നും മനസ്സിലായില്ല. പലരും ആയാളുടെ വിജയത്തിൽ അതിശയിച്ചു; ആഹ്ലാദിച്ചു. "നോക്കൂ ആ മഹാന്റെ സ്ഥിരോത്സാഹം; ത്യാഗബുദ്ധി; എന്തൊരു വിസ്മയാവഹമായ വിജയങ്ങൾ" പ്രസംഗവേദികൾ ഇങ്ങിനെ പാടിപ്പുകഴ്ത്തി.

ആരറിഞ്ഞു അന്നു് ഇവരുടെ പ്രലപനങ്ങൾ അബദ്ധജഡിലങ്ങളാണെന്നു്? കുറച്ചു പേർ മാത്രം; ബുദ്ധിയുള്ള കുറച്ചു പേർ!

* * *

അവർ കാടന്മാരാണു്; അപരിഷ്കൃതർ! അവരെ പരിഷ്കരിക്കാൻ ആയാൾ പുറപ്പെട്ടു. എത്ര നല്ല ഉദ്ദേശം! കാടന്മാരെ പരിഷ്കരിക്കുക! ആരും അനുമോദിക്കും ആ സംരംഭത്തിൽ.

എന്നാൽ മൂപ്പരുടെ പരിഷ്കരണം, വെടിയുണ്ടകൊണ്ടും വിമാനംകൊണ്ടുമായിരുന്നു. അന്നാട്ടുകാർ കിടന്നുപിടഞ്ഞു; വെന്തുനീറി; വിഷവായുവേററവർ വീർപ്പുമുട്ടി. ആരും തിരിഞ്ഞു നോക്കിയില്ല. ഈ നരവേട്ട നോക്കിക്കൊണ്ടു എല്ലാവരും മിഴിച്ചുനിന്നു.

ആയാൾ അട്ടഹസിച്ചു, "പഴയ പ്രതാപത്തെ മുഴുവനും വീണ്ടെടുക്കണം. പോരല്ലായ സാമ്രാജ്യം തിരിച്ചുപിടിക്കണം" ശ്രോതാക്കൾ ഹസ്തതാഡനഘോഷത്താൽ ആ നിശ്ചയത്തിന്നു അനുവാദം നൽകി.

* * *

ആയാൾക്കു കൂട്ടുകാരുമുണ്ടായിരുന്നു. അവർ അന്യോന്യം ആലോചിച്ചു. ലോകത്തെ മുഴുവൻ അവരുടെ കാൽമടമ്പിന്നടിയിൽ ഒതുക്കുന്നതിന്നു; ജനങ്ങളെ മുഴുവൻ ദോഹിക്കുന്നതിന്നു മററും മററും—"യുദ്ധം ജയിക്കട്ടെ; യുദ്ധമാണു് നിയമം; യുദ്ധമാണു് പുരോഗമനം; യുദ്ധമില്ലാത്ത ലോകം മച്ചിയായ ഒരു പെണ്ണാണു്." അവരെല്ലാം ഉൽഘോഷിച്ചുതുടങ്ങി—എന്തിനുള്ള പുറപ്പാടാണിതു്? ലോകം അമ്പരന്നു. പലർക്കും ഭയപരിഭ്രാന്തി ഇളകി. ഈ പിശാചുക്കളെ തൃപ്തിപ്പെടുത്താൻ ചിലർ ശ്രമിച്ചു. പക്ഷെ നൈവേദ്യവും, പൂജകനേയും ഒന്നിച്ചു വിഴുങ്ങാൻ അവർ വായ്പിളർത്തിയപ്പോഴേ, ലോകത്തിന്നു മുഴുവനും മനസ്സിലായുള്ളു.

* * *

അവർ തന്നെ കൊളുത്തിയ തീയിൽ അവർ വേകാൻ തുടങ്ങി. അയാളുടെ മക്കൾ മരിച്ചു. പാവം, ഭ്രാന്തനെപ്പോലെ പുലമ്പി. യുദ്ധം തന്നെയും ബാധിക്കുന്നതു മനസ്സിലാക്കി. തന്റെ സ്നേഹിതൻ ആക്രമിച്ച ആ രാജ്യത്തിന്റെ പിന്നിൽ ആയാൾ കഠാരി വലിച്ചുകുത്തി. തലച്ചൊതിക്കു കൊട്ടുത്തു ആയാൾ വാലിന്മേൽ കടന്നുപിടിച്ചു കടിച്ചുവലിച്ചു.

* * *

പരാജയം അവരെ പരിഭ്രാന്തരാക്കി. കാടന്മാരുടെ നാട്ടിൽനിന്നു ചവിട്ടിപ്പുറത്താക്കപ്പെട്ടു. ജനങ്ങൾ രാജ്യത്തെ ആക്രമിച്ചു. രാജാവു ആയാളെ വിളിച്ചുപറഞ്ഞു "തന്റെ താന്തോന്നിത്തമാണിതിന്നൊക്കെ, ഹേതു. പ്രധാനമന്ത്രിസ്ഥാനം ഒഴിഞ്ഞുകൊള്ളു" കീറച്ചെരിപ്പുപോലെ ആയാൾ വലിച്ചെറിയപ്പെട്ടു. തന്റെ സുഹൃത്തിനെ ആശ്രയിച്ചു; ആയാൾക്കും ശരണം കിട്ടി. വീണ്ടും അവർ കുതന്ത്രങ്ങൾക്കു വട്ടംകൂട്ടി.

അവസാനം ജനങ്ങൾ മുന്നോട്ടു തിളച്ചുമറിഞ്ഞു. പ്രതികാരദേവത ആയാളെ കിടന്നുപിടിച്ചു. രക്ഷപ്പെടാൻ നിവൃത്തിയില്ല.

"ഠേ, ഠേ" വെടിയുണ്ടകൾ തുരുതുരെ വർഷിക്കപ്പെട്ടു. ആയാൾ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. പക്ഷെ എവിടേയ്ക്കു്? സർവ്വത്ര ചൂണ്ടിയ തോക്കുകൾ! ആയാൾ നിലവിളിച്ചു: കെഞ്ചിയാചിച്ചു; പശ്ചാത്തപിച്ചു; ക്ഷമായാചനം ചെയ്തു! ആളുകൾ പരിഹസിച്ചു; തോക്കു ആയാളുടെ ജല്പനങ്ങൾക്കു് മറുപടി പറഞ്ഞുകൊണ്ടിരുന്നു.

"ഞാൻ നിങ്ങൾക്കു ഒരു സാമ്രാജ്യം തരാം" ആയാൾ അപേക്ഷിച്ചു. പക്ഷെ അവർ ആയാൾക്കു് ഒരു സാമ്രാജ്യം നൽകി; റോമാസാമ്രാജ്യമല്ല; മൃത്യുസാമ്രാജ്യം!

മുസ്സോളിനി ഒരു ശവം മാത്രമായി!

മിലാനിലെ ദേശാഭിമാനികൾക്കു് നമുക്കു നന്ദി പറയുക. അവർ നീണാൾ ജീവിക്കട്ടെ.

# സാന്ധ്യസന്ദേശം

(പി. എസ്സ്. നായർ.)

പൂർവ്വാചലം തൊട്ടു പരാധിയോളം
നിർവ്വിശ്രമാദ്ധ്വാന മിയന്നശേഷം
ക്ലാന്തങ്ങളാം വാജികളെക്കടിഞ്ഞാൺ
പിടിച്ചു നിർത്തീ ഹരിദശ്വസൂതൻ.

കുളിക്കുവാൻ പോയ ദിനേശനന്തി-
യ്ക്കുറങ്ങുവാൻ പശ്ചിമ ദിഗ്വധൂടി
ചെംപട്ടുനൂൽമെത്ത വിരിച്ചതിൻ മ-
ട്ടലംകൃതം വാനിട മദ്ദിഗന്തേ.

വഴിയ്ക്കനേകം മലർ വാടിപൂകി-
പ്പരാഗസം വാഹകനാം സമീരൻ
സരോജിനീസന്നിധിയിൽ ദ്ദിനേശ-
ദൂത്യം രഹസ്യം പറയുന്നിതേവം:

"സരോജിനീ! നിസ്തുല സൌകുമാര്യം
നിന്നിൽ ചെലുത്തീടിന വിശ്വശില്പി.
സതിത്വമാം ഭൂഷനിനക്കു തെല്ലും
നല്കീല; ഹീരത്തിനുഗന്ധമില്ല.

ബാഹ്യാംഗ സൌന്ദര്യ വിധാന വീക്ഷാ-
വിലോലനായ് നിന്നെ വരിയ്ക്കമൂലം
മാലോകരെല്ലാം നളിനീ മണാള-
നാമാന്തരത്താലറിയുന്നിതെന്നെ.

മദ്ദർശനൌത്സുക്യ മിയന്നപോൽ നീ
ഹസിച്ചു, ഞാൻ ഭോക്ഷനതിൽ മയങ്ങി
കോകാളികൾപ്പത്തുകൾ നിന്റെ പുത്രൻ
മട്ടുണ്ടു; ഞാൻ ദർശനമാത്ര തൃപ്തൻ!

ദിവാനിശംതാൻ സവിധേ വസിക്കും
ദിക്സാക്ഷികൾ, പക്ഷികളീയുദന്തം
എന്നോടു പേർത്തും കളനിസ്വനത്താ-
ലോതുന്നു: ഹാ നിൻ ചതി ഘോരഘോരം

കഴിഞ്ഞതെല്ലാം മറവിയ്ക്കു പിന്നിൽ
മായട്ടെ; നാം ബന്ധവിമുക്തർ മേലിൽ-
യഥേച്ഛ മന്യോന്യ വിഭിന്നമാർഗ്ഗ-
മംഗീകരിക്കാമിനി രണ്ടുപേർക്കും."

ഇതി പ്രസംഗാൽ ചലിതോർമ്മി ജാല-
പ്രചഞ്ചലാഭ്യന്തരയാം സരസ്സും
പ്രത്യുക്തി നിശ്ശബ്ദമിതം മൊഴിഞ്ഞാൾ
പ്രക്ഷുബ്ധ ഭാവപ്രചുരാസ്യയായി.

"പരോക്ത മിത്ഥ്യാശ്രവണത്തിലങ്ങു
വിഭ്രാന്തനായ്; അല്ല, തുസത്യമാട്ടെ.
പരാംഗനാശ്ലേഷപരൻ ഭവാനോ
സ്തുത്യർഹസൽക്കർമ്മ പഥാനുഗാമി?

ഉഷസ്സിലോ പൂർവ്വദിശാ വധൂടി,
സായാഹ്നമോ വാരുണദിഗ്വരാംഗി,
മദ്ധ്യസ്ഥ നിർഭാഗ്യയിവൾ, നിശായാ-
മജ്ഞാതദേശത്തോ—തപവതി നാലോ?

ബ്രഹ്മാണ്ഡ കർമ്മാഖിലസാക്ഷിയാകു-
മങ്ങെയ്ക്കിതെല്ലാ മനുയോജ്യമെങ്കിൽ
അധസ്ഥ ലോകസ്ഥിതയാമിവൾക്കു
ചാരിത്രഭംഗം വരഭൂഷയല്ലേ?"

യുക്താത്ഥമിത്ഥം പ്രതിവാചകം തൻ
ദൂതൻ തിരിച്ചെത്തി യുണർത്തിയപ്പോൾ
ആത്മാപരാധ പ്രതി ബുദ്ധനാമ-
ദ്ദിവാകരൻ സത്രപമസ്തമിച്ചു.

ദാമ്പത്യ സൌഖ്യത്തെ വിഷത്തിൽ മുക്കി-
യന്യോന്യ വിശ്വാസ വിഹീനരായി
പ്രതിപ്രദോഷം കലഹം പുലർത്തും
വിവാഹിതക്കായിതു കാഴ്ചവെപ്പു.

ചെറുകഥ

# "നിങ്ങൾ ശശിയെ മറക്കരുതു്"

[കെ. ജി. പിള്ള.]

"ഐശ്വര്യപുഷ്കലമായ തിരുവനന്തപുരം പട്ടണം, രണ്ടു വർഷങ്ങൾക്കപ്പുറം നിരാശയുടെ നീറിക്കത്തലിൽ,—ആയിരമായിരം ചിന്തകളുടെ തിക്കിത്തിരക്കലിൽ ആണ്ടു ആ പാവം സ്കൂൾഫൈനൽകാരൻ ചെക്കന്റെ ദാരിദ്ര്യക്കുഴൽവിളി കേട്ടില്ല. ഒരൊററ ജീവിയും, ഒരു തരി ചെമ്മണ്ണും ഒരു ഉണക്കപ്പുല്ലും അറിഞ്ഞില്ല; ആ കുഴൽവിളിക്കു് ഒരിക്കൽ മഹാരാഷ്ട്രങ്ങളുടെ അവകാശവാദത്തിൽ ചോരച്ചൊരിച്ചലിൽ പങ്കുണ്ടാകുമെന്നു; അനാദരണീയമായ സ്വേച്ഛാപ്രഭുത്വത്തിന്റെ ദുരാഗ്രഹക്കൊടുന്തീയിൽ എരിയുന്ന നിരപരാധികളായ ഒരു ജനസമുദായത്തിന്റെ പരിരക്ഷണാർത്ഥം നാസിസത്തെ വെല്ലുവിളിക്കാനുള്ള ഒരു പരിശീലനമാണതെന്നു്: അതേ നമ്മുടെ അജ്ഞാനപരിധി വലുതാണു്. ഇപ്രകാരമുള്ള എത്രയെത്ര ദിവ്യഗാനങ്ങളുടെ അർത്ഥമാണു് ഇനിയും നമുക്കു വെളിപ്പെട്ടിട്ടില്ലാത്തതു്?

ഒരു ദിനാന്തത്തിന്റെ മഷിപൂശിത്തുടങ്ങിയ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ കിഴക്കേ സോപാനത്തിൽ ആ ആശകൾ കാററിലടിച്ചുകൂടി. "ശശി" കൂപ്പുകൈയോടെ പ്രാർത്ഥിക്കുകയാണു്, "ജഗന്നിയന്താവേ! എന്റെ ആശാസൌധത്തിന്റെ നിലകൾ ഇനിയും അടർന്നു വീഴുവാൻ അധികമില്ല. വീഴട്ടെ, ഇനിയത്തെവീഴ്ചയിൽ ഞാൻ വേദന അനുഭവിക്കയില്ല. എന്നാൽ എനിക്കൊരു സങ്കടമേയുള്ളു. പത്മനാഭാ! പകൽ മുഴുവൻ പാറക്കാട്ടിൽ ചളിപ്പാടത്തിൽ, കർമ്മസാക്ഷിയുടെ കാൽചവിട്ടിൽവെന്തുവിയർത്തു, പാണ്ടിപ്പഞ്ഞിക്കച്ചയുടെ ഉച്ഛിഷ്ടങ്ങളാലര മറച്ചു, പനമ്പാളത്തൊപ്പിയിട്ടു പണിയെടുത്തു സമുദായസേവനം ചെയ്യുന്ന പട്ടിണിപ്പാവങ്ങളുടെ ഒരു കാശിൽ അമിതാദായമെടുക്കുന്ന വണിക്വരന്റെ—സമരംമൂലം ദാരിദ്ര്യമനുഭവിക്കുന്ന കൊച്ചുകുടിലിലെ ഇരുട്ടകററുന്ന പാട്ടവിളക്കിലൊഴിക്കുന്ന നാലു തുള്ളി എണ്ണയിൽ ലാഭമെടുത്തു തടിക്കുന്ന മുതലാളികളുടെ—പട്ടിണികിടന്നു പൊരിഞ്ഞുമരിക്കുന്ന സാധുക്കൾക്കുവേണ്ടി ഒരു പത്തു നെന്മണി വാരിയെറിയുവാൻ മടിക്കുന്ന കലവറയുടമസ്ഥന്മാരുടെ ഉച്ഛ്വാസവായു അങ്ങേയ്ക്കു ശ്വാസംമുട്ടിക്കുന്നില്ലേ? ഹാ! എനിക്കു ശ്വാസംമുട്ടുന്നു!" എന്റെ തല കറങ്ങുന്നു. അവൻ ഞെളിപിരികൊണ്ടു. അവന്റെ നാസിക ഉഷ്ണവായു ശ്വസിച്ചുച്ഛ്വസിച്ചു ചുവന്നു. അവനു് ആശ്വാസമരുളുവാൻ ഏതാനും തുള്ളി ബാഷ്പകണങ്ങൾ അടർന്നുവീണു. അവൻ തുടർന്നു: "കഷ്ടപ്പെട്ടു സ്കൂൾഫൈനൽ പരീക്ഷ ജയിച്ചു. ഒരു പത്തു രൂപാ പ്രതിമാസ ശമ്പളത്തിനുവേണ്ടി പല പല ഉദ്യോഗസ്ഥ കവാടങ്ങളിന്മേലും തൊഴിച്ചു തൊഴിച്ചു കാൽ തളർന്നു. അധികാര കേന്ദ്രങ്ങളിൽ അടിയറവെച്ചു സാഷ്ടാംഗപ്രണാമം ചെയ്തു വശംകെട്ടു. നാലു കാശിനുവേണ്ടി തെണ്ടുവാൻ ഇന്നു ഞാനൊരുക്കമാണു്. പാവങ്ങളുടെ ചോരയൂററിക്കുടിക്കുന്ന ആ സാമൂഹ്യാവസ്ഥയുടെ ചെമ്മറയ്ക്കു മുമ്പിൽ എന്റെ മെലിഞ്ഞ കൈകൾ വിടർത്തിക്കാണിക്കുവാൻ ഇന്നു ഞാൻ തയ്യാറാണു്. എന്നാലോ, എന്റെ അപേക്ഷയിൽ അലിയുവാൻ ഒരു കാതില്ല, ഒരു കരളില്ല."

ശശി അവന്റെ പഴയകുപ്പായത്തിന്റെ തുമ്പിനാൽ ബാഷ്പം തുടച്ചു. അവന്റെ ഭാവം അല്പം പകർന്നു. അവൻ നെടുതായൊന്നു നിശ്വസിച്ചാശ്വസിച്ചു. അവൻ ചില ചരിത്രഘട്ടങ്ങളെ ദർശിച്ചു "യുദ്ധം! ഹാ! കുടിലുകൾ കുഴിയിലേക്കു താഴുവാൻ—മാളിക മാനത്തു മുട്ടുവാൻ മാത്രം അതുപകരിക്കും. ഒരു യുദ്ധം എപ്പോഴും ഒരു കോടി ധനവാനെ തടിയനാക്കുകയും, രണ്ടു കോടി സാധുക്കളെ പഞ്ഞപ്പാളയെടുപ്പിക്കുകയും ചെയ്യും. അതിനു അതിലപരം കഴിവില്ല. അതിനുവേണ്ടി ചോരയുതിർക്കേണ്ട കരളിനാണു് കണക്കില്ലാത്തതു്. ആകട്ടെ എന്റെ ഉടലിൽ ചോരയുണ്ടെങ്കിൽ അതും അതിനുവേണ്ടി ഉതിരട്ടെ."

ശശിയുടെ മുഖത്തു ഒരു വീരശ്രീ കളിയാടി. അവൻ തിരിഞ്ഞു നടന്നു. അവന്റെ കാലുകൾ, തമ്പാനൂർ റയിൽവേസ്റ്റേഷനു സമീപമുള്ള ഭാരത് ബിൽഡിംഗിലേക്കുള്ള ദൂരത്തെ അളന്നുപോയി. അപ്പോഴും അവന്റെ നാവു നിശബ്ദമായി ഉച്ചരിച്ചു. "ശാരദേ! മരണകാലത്തും ഞാൻ ഉച്ചരിക്കുന്ന ദൈവനാമം നിന്റെ പേരു തന്നെ ആയിരിക്കും."

II

പനിമതി വെള്ളി പൂശിയ നിശകളെ അമാവാസിയുടെ കാളരാത്രികളായി കഴിച്ചുകൂട്ടാനെ ശാരദയ്ക്കു കഴിഞ്ഞുള്ളു. കണ്ണീരിൽ കുഴകിയ മുഖം വാടി. ഒരു മ്ലാനത നയനങ്ങളിൽ ഉൾക്കൊണ്ടു. വിരഹവ്യഥയാൽ അനുനിമിഷം തുടിച്ചുകൊണ്ടിരുന്ന ആ വിധുരഹൃദയം ചിന്തിച്ചു, "എന്റെ ശശീ! അങ്ങു പുരുഷനാണു്. അങ്ങേയ്ക്കു സഹിക്കാം ഈ വിരഹം. ഹാ! എന്നാൽ ഞാനെങ്ങനെ സഹിക്കും ഈ വിയോഗം? ഒരു ശശിയുടെ പൊൻകതിരുകൾ എന്റെ ഹൃദയമാകുന്ന ശാരദാ വിഹായസ്സിൽ പൂനിലാവു വീശുമെന്നു ഞാനാശിച്ചു. എന്റെ പ്രേമോദ്യാനത്തിൽ പ്രേമഗീതം ചൊരിയുന്ന ഒരു കോലക്കുയിലാണങ്ങെന്നു ഞാൻ ആഗ്രഹിച്ചു ശാരദാകാശം മേഘാവരണത്താൽ മ്ലാനമായി പൂങ്കുയിലിന്റെ പ്രേമഗാന രാഹിത്യത്തിൽ നിശ്ശബ്ദമായി! ഹാ! ആ കളകണ്ഠം പറന്നുപോയി. പ്രാണേശ! അങ്ങെന്തിനു ഇവളെ പിരിഞ്ഞു? ധനമല്ല ഇവളുടെ ലക്ഷ്യം. അങ്ങയുടെ കൈപിടിച്ചുകൊണ്ടു ഭിക്ഷാടനം ചെയ്യാൻപോലും ഇവൾ ഒരുങ്ങമായിരുന്നില്ലെ?"

ഒരു പോസ്റ്റ്പ്യൂൺ ഒരു കത്തു ശാരദാംബയെ ഏല്പിച്ചു. ഉൽക്കണ്ഠാപൂർവ്വം അവളതു തിരിച്ചും മറിച്ചും നോക്കി. ശശിയുടെ പേരും നമ്പറും അതിന്റെ ഒരു അററത്തു കുറിച്ചിരുന്നു. അവളതു മാറിലണച്ചു കോൾമയിരണിഞ്ഞു. ശാരദ കത്തു തുറന്നു വായിച്ചു: "ഓമനേ; ശശിയെ മറക്കരുതേ! ശശി, ദാരിദ്ര്യത്തിൽ—നിരാശയിൽ ജനിച്ചുവളർന്നു. കരുണയററ ലോകത്തിന്റെ ചിക്കുപ്പല്ലുകൾക്കിടയിൽ അവന്റെ ഹൃദയം പെട്ടുമുറിവേററു. അവനെ നോക്കി പേയ്യാട്ടുപാടുന്ന ഒരു ഇരുൾക്കൂട്ടം അവനു ചുററും അണിനിരന്നു. പ്രാണധാരണത്തിനുവേണ്ടി ശശി നാടുവിട്ടു. ഇതൊരു ഭൂതകാലമാണു്.

എന്നാൽ ഇന്നു ഞാൻ കൃതാർത്ഥനാണു്. എന്റെ ജീവിതം സഫലമായി. ഇന്നു ശശിയുടെ പ്രേമഭാജനമെന്നു് ഭവതിക്കു് അഭിമാനപുരസ്സരം സ്മരിക്കാം. ശശിയെ തെററിദ്ധരിക്കരുതേ; ശാരദാവാനിന്റെ സീമയിൽ തന്നെ ശശി എന്നും ഒളി വീശും. ഭവതിക്കു ശുഭമരുളട്ടെ! സ്വന്തം ശശി." ശാരദ വീണ്ടും വീണ്ടും ആ കത്തു തന്നെ വായിച്ചു. അവളുടെ ഹൃദയഭിത്തിയിൽ ചിന്താതരംഗങ്ങൾ വന്നലയടിച്ചു. ശാരദ ഉച്ചരിച്ചു, "ശശീ! പുരുഷന്മാർക്കൊരു ധാരണയുണ്ടു്; സ്ത്രീകൾ സ്നേഹിക്കുവാൻ മാത്രമുള്ള ഒരു തരം ശൃംഗാരക്കുഴമ്പുകളാണെന്നു്. അതു അല്പം ശരിയായിരിക്കും. എന്നാൽ സ്വപ്രിയനോടൊത്തു—ഭാരതീയ രമണിമാർ പടക്കളം പൂകിയ കഥകൾ നമ്മുടെ ധർമ്മഭൂമിയുടെ പുരാതന ചരിത്രത്തിൽ വിരളമല്ല. സാരഥ്യം വഹിക്കാനും, കരവാളേന്താനും കരളുറപ്പുള്ള വീരതരുണിമാർ പിറന്ന ഭാരതത്തിലെ സ്ത്രീകൾ, യുദ്ധമെന്നും, മൃത്യുവെന്നും, കേൾക്കുമ്പോൾ വിറകൊള്ളുന്നവരല്ല. ഭർത്തൃപാദപരിചരണൌത്സുക്യം അവർക്കു പടക്കളത്തെ കേളീരംഗമാക്കും. നരകത്തെ നാകമാക്കും. കണ്ടകാകീർണ്ണമായ ദുഷ്പഥങ്ങളെ പൂവിരിപ്പിട്ട പുണ്യവീഥികളാക്കും. ശശി! അങ്ങയുടെ വഴിയെ പിന്തുടരുവാൻ അങ്ങയുടെ ശാരദ ഇതാ തയ്യാറാകുന്നു." അവൾ ചില പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു. അവൾ എന്തൊക്കെയോ ചിന്തിച്ചുറച്ചു. ശാരദ അവളുടെ മുറിയിലേക്കു കയറിപ്പോയി.

* * *

അക്യാബു പിടിച്ചടക്കുവാൻ ജപ്പാൻ ഭടന്മാരുമായി സഖ്യസേന നടത്തിയ പോരു ഭയങ്കരമായിരുന്നു. ഒരു തുള്ളി രക്തം ചൊരിയാതെയും, ഒരു വീരൻ മരിക്കാതെയുമല്ല അക്യാബിൽ സഖ്യസൈന്യം വിജയഭേരി മുഴക്കിയതു്. അവർ ദുർഗ്ഗാദേവിയെ രക്തപാനംകൊണ്ടു പ്രസന്നയാക്കി. ദേവി അവരെ അനുഗ്രഹിച്ചു.

ജമേദാർ മി. ശശിയെ സുബേദാരായി കയററം ചെയ്തു. ഇരവിക്കുട്ടിയും, ഒതേനനും പിറന്ന നാട്ടിലെ വീരരക്തത്തിന്റെ പ്രസരിപ്പു അത്രത്തോളം അയാളെ ഉയർത്തിക്കഴിഞ്ഞു.

## ബർല്ലിൻ പിടിച്ചുകഴിഞ്ഞു

മാർഷൽ ഷുക്കോവിന്റെ നേതൃത്വത്തിലുള്ള ഒന്നാം വെററ് റഷ്യൻ സേനയും, മാർഷൽ കൊണീവിന്റെ നേതൃത്വത്തിലുള്ള ഒന്നാം ഉക്രേനിയൻ സേനയും ഭയങ്കരമായ സമരങ്ങൾക്കുശേഷം ബർല്ലിൻ നഗരം പിടിച്ചടക്കി. ബർല്ലിൻ ജർമ്മനിയുടെ തലസ്ഥാന നഗരവും, ജർമ്മൻ സാമ്രാജ്യാധിപത്യത്തിന്റെ കേന്ദ്രസ്ഥാനവും ജർമ്മൻ അക്രമമനോഭാവത്തിന്റെ ആസ്ഥാനമണ്ഡപവുമാണു്.

ജർമ്മൻകാർ ആയുധംവെച്ചു് കീഴടങ്ങി. മേയി 2-ാം തിയ്യതി രാത്രി 9 മണിക്കു് 70,000 തടവുകാരെ ബർല്ലിനിൽനിന്നു പിടിക്കപ്പെട്ടു.

—മാർഷൽ സ്റ്റാലിൻ, ഒരു ഉത്തരവിൽ.

ഒരു വെള്ളിയാഴ്ച രാത്രി പതിനൊന്നു മണി സമയമാണ്. ആരക്കാനിൽ സഖ്യസൈന്യം ചില ഭാഗങ്ങൾ പിടിച്ചു കഴിഞ്ഞു കൂടാരമടിച്ചു വിശ്രമിക്കുവാൻ തുടങ്ങി. ജപ്പാൻ വിമാനങ്ങൾ ക്യാമ്പിൻ മുകളിൽ പറന്നു കൂടി. സഖ്യസേനയുടെ തോക്കുകളും പീരങ്കികളും ആത്മകൃത്യ പ്രദർശനത്തിനു തയ്യാറായി. വീരന്മാർ മദംകൊണ്ടു പുളച്ചു. ബോംബുകൾ പൊഴിഞ്ഞു തുടങ്ങി. പീരങ്കിയുണ്ടകൾ കുഴലിൽനിന്നും ഇടിനാദംപോലെ അലറിപ്പുറപ്പെട്ടു. കർണ്ണഭേദമായ ശബ്ദതരംഗങ്ങൾ ദിഗന്തങ്ങളിൽ ചെന്നടിച്ചു മാറ്റൊലികൊണ്ടു അന്തരീക്ഷത്തെ ഇളക്കിമറിച്ചു. ധൂമപടലങ്ങൾ ഇരുളിനു ഘനം കൂട്ടി. യാതൊന്നും തിരിച്ചറിയുവാൻ കഴിയാത്ത ആ കൂരാക്കൂരിരുട്ടിലും പീരങ്കിയുണ്ടകൾക്കു വഴി പിഴച്ചില്ല. ശത്രുവിമാനങ്ങൾ എരിഞ്ഞുവീണു. പാരച്യൂട്ടു വഴിയായിറങ്ങിയ ജപ്പാൻ ഭടന്മാർ ബന്ധനസ്ഥരായി. അരക്കാൻ പർവ്വതനിരയുടെ പല ഭാഗങ്ങളിലും രഹസ്യമായ താവളങ്ങൾ സഖ്യസൈന്യത്തിനുണ്ടായിരുന്നു. ആകയാൽ പ്രധാന ക്യാമ്പിനെമാത്രം ലാക്കാക്കിയിരുന്ന ശത്രുവിമാനങ്ങൾ കൂടുതൽ വേഗത്തിൽ നശിക്കുവാനിടയായി. വിജയപരബ്രഹ്മണി ഏകാഗ്രചിന്തയോടുകൂടി സമരയജ്ഞം നടത്തിയ കർമ്മഭൂമിയുടെ ഭാഗ്യസന്താനങ്ങളായ കർമ്മയോഗികളുടെ ആഹവചാതുരിയാകുന്ന അഗ്നികുണ്ഡത്തിൽ പലതും ഹോമിക്കപ്പെട്ടു കരിമ്പും, നാളികേരവും, തേനും, ചന്ദനവും, മമതയുമല്ലായിരുന്നു അവ. ശത്രുക്കളുടെ കപ്പലുകൾ, യുദ്ധോപകരണങ്ങൾ, വിമാനങ്ങൾ മുതലായവ. സംഹാരരുദ്രന്റെ പ്രചണ്ഡതാണ്ഡവത്തോടുകൂടി പടക്കളം ശാന്തമായി.

ക്യാപ്റ്റൻ, തന്റെ ഭടന്മാരുടെ വീരകൃത്യത്തെ നിതരാം ശ്ലാഘിച്ചു. അദ്ദേഹം തന്റെ കീഴിലുള്ള ഭടപ്രമാണികളെ ഓരോരുത്തരെയായി വിളിച്ചു shake hand ചെയ്തു. സുബേദാർ, ശശിയെ വിളിച്ചു. ആരും ക്യാപ്റ്റന്റെ അടുത്തേക്കു വരുന്നതു കണ്ടില്ല. അവിടെ ഒരു നിശ്ശബ്ദത വ്യാപിച്ചു. ക്യാപ്റ്റന്റെ കണ്ണുകളിൽ ബാഷ്പം നിറഞ്ഞു. ക്യാമ്പിനു തെക്കുവശമുള്ള മലഞ്ചരിവിൽ കൂടി ഏതാനും പേർ നടന്നുവരുന്നു. സഖ്യഭടന്മാർ കൂട്ടമിട്ടാർത്തു "സുബേദാർ, ശശി; ശശി." വളരെ നാളായി കാണാതിരുന്ന പിതാവിനെ പൊടുന്നനെ കാണുമ്പോൾ മക്കൾക്കുണ്ടാകുന്ന വികാരമാണ് ആ ഭടന്മാരുടെ മുഖത്തു പ്രത്യക്ഷമായതു്.

കൈകൾ ഉയർത്തിപിടിച്ച നാലു ജാപ്പ ഭടന്മാരുമായി ശശി ക്യാപ്റ്റന്റെ മുമ്പിൽ വന്നുചേർന്നു. ശശി ക്യാപ്റ്റനെ വന്ദനം ചെയ്തു. ക്യാപ്റ്റൻ സന്തോഷഭരിതനായി ചോദിച്ചു. "മി. ശശി! ഇവർ എങ്ങനെ കീഴടങ്ങി." ശശി മറുപടി പറഞ്ഞു: "സർ, നാലു ശത്രുവിമാനങ്ങളെ ഞാൻ വെടിവെച്ചു വീഴ്ത്തി. അതിൽനിന്നും പാരച്യൂട്ടു വഴിയായി ഇറങ്ങിയ എട്ടു ശത്രുക്കളുമായി ഞാൻ ഒററയ്ക്കു പോരു് ചെയ്തു. അവരിൽ നാലു പേർ എന്റെ യന്ത്രത്തോക്കിനിരയായി. ഇവർ കൈവശമുള്ള ഗോളികൾ തീരുന്നതുവരെയും എന്നോടെതിർത്തു. അവസാനം ഞാനിവരെ കീഴടക്കി."

ശശിയുടെ കാക്കിക്കുപ്പായം വഴിയായി രക്തം ഇററിററു വീണുകൊണ്ടിരുന്നു. സാരമായ മുറിവുകൾ തലയിലും ഉടലിന്റെ നാനാഭാഗങ്ങളിലും ഏററിട്ടുണ്ടു്. ദുഷ്പ്രഭുത്വത്തിന്റെ തായ്‌വേരറുത്തു ലോകസംരക്ഷ ചെയ്യുവാൻ, വേണ്ടിവന്നാൽ ഉടൻതന്നെ രണാങ്കണത്തെ സധൈര്യം നേരിടുന്നതിനുള്ള സന്നദ്ധതയും കഴിവും ആ മുഖത്തു ഇപ്പോഴും സ്ഫുരിക്കുന്നുണ്ടു്. തനിക്കപകടകരമായ മുറിവുകൾ ഏററ വിവരം ആ വീരയോദ്ധാവറിഞ്ഞിട്ടില്ല.

ക്യാപ്റ്റൻ ശശിയെ സാകൂതം വീക്ഷിച്ചു. അനന്തരം അദ്ദേഹം പറഞ്ഞു. "സഹോദരാ! അങ്ങയുടെ ആഹവചാതുരി ശ്ലാഘനീയമാണ്. നിങ്ങളെപ്പോലെയുള്ള വീരന്മാരുടെ ജനയിത്രിയായ ഭാരതമേദിനി സൌഭാഗ്യവതിയത്രേ. നിങ്ങളുടെ നായകൻ എന്ന നിലയിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്റെ നേതൃത്വത്തിൻ കീഴിലുള്ള ഇന്ത്യൻ ഭടന്മാർ അവരുടെ സഹോദരങ്ങൾക്കുവേണ്ടി ജീവനെപ്പോലും തൃണവൽഗണിച്ചു ധീരധീരം പോരാടിയിട്ടുണ്ടു്. നിങ്ങളുടെ പ്രവൃത്തിയിൽ ഞാൻ കാണുന്ന വിശിഷ്ടഗുണം ആത്മാർത്ഥത, സഹനശക്തി, സ്ഥിരോത്സാഹം ഇവയാണ്. ഇവയാണ് ഇതുവരെ നമുക്കുണ്ടായിട്ടുള്ള സർവ്വപുരോഗമനത്തിനും നിദാനമായിട്ടുള്ളതു്. നാം അവസാന വിജയത്തിന്റെ പൊൻകതിർ വീശിയ ഒരു രംഗത്തെയാണ് ഇന്നു ദർശിക്കുന്നതു്. നമ്മുടെ വിജയപതാക സമസ്തഭൂഖണ്ഡങ്ങളിലും, അനശ്വരദ്യുതിയോടുകൂടി പാറിപ്പറക്കുവാൻ ഇനി അധികം താമസമില്ല. എന്നാൽ..............................."

അദ്ദേഹം വീണ്ടും ശശിയെ ആപാദചൂഡം ദയാപൂർവ്വം ഒന്നുറു നോക്കി. ക്യാപ്റ്റൻ ജോൺ ലക്കിന്റെ നയനങ്ങൾ അശ്രുകലുഷിതങ്ങളായി. തുടർന്നു സംസാരിക്കുവാൻ ഗൽഗദം മൂലം അദ്ദേഹത്തിനു കഴിഞ്ഞില്ല.

ക്യാപ്റ്റന്റെ ഭാവപ്പകർച്ചയ്ക്കു കാരണമറിയാതെ ശശി കുഴങ്ങി. ക്യാപ്റ്റൻ തന്റെ കരയുഗ്മങ്ങളാൽ ശശിയെ മാറോടണച്ചാശ്ലേഷിച്ചു. അദ്ദേഹം വിങ്ങി വിങ്ങിപ്പറഞ്ഞു. "രാജ്യസ്നേഹിയായ വീരയുവാവേ! നിങ്ങൾക്കു മുറിവു വളരെ ഏററിട്ടുണ്ടു്. നിങ്ങളുടെ യുവത്വം മൂലം നിങ്ങൾ അതറിഞ്ഞിട്ടില്ല."

ശശി തന്റെ ശരീരത്തിലെ ക്ഷതങ്ങൾ നോക്കിക്കണ്ടു. അയാൾക്കു ബോധക്ഷയമുണ്ടായി. ക്യാപ്റ്റൻ ഒരു ലോറിയിൽ ശശിയെ പട്ടാള ആസ്പത്രിയിലേക്കയച്ചു.

* * *

മുറിവുകൾ അപായകരമായിരുന്നു. പനിയും സാരമായി ബാധിച്ചിട്ടുണ്ടു്. പകൽ പന്ത്രണ്ടു മണിയായതോടുകൂടി ശശിയുടെ ബോധക്ഷയം അല്പം നീങ്ങി. അയാൾ കണ്ണു തുറന്നു. തന്റെ തല മടിയിൽ വച്ചു" മൃദുകരങ്ങളാൽ ഉടലിൽ മന്ദമന്ദം തലോടിക്കൊണ്ടിരുന്ന ശാരദയെയാണു ശശി ആദ്യം കണ്ടതു്. "ഹാ! ശാരദേ! ഭവതി ശശിയെ മറന്നില്ലേ? ഇതെന്തു്, ഞാൻ ദിവാസ്വപ്നം കാണുകയോ! മരണശയ്യയിലും ഞാൻ ഭവതിയുടെ പേരു തന്നെ ഉച്ചരിക്കും.

ശാരദയുടെ കണ്ണിൽ ബാഷ്പം നിറഞ്ഞു. അവൾ ആ വീരന്റെ മുഖത്തു് ഒരു ചുംബനമർപ്പിച്ചു അവൾ പറഞ്ഞു: "ശശീ! മാതൃഭൂസേവനം പോലെ തന്നെ ഭർത്തൃശുശ്രൂഷണവും ഭാരതരമണിക്കു ഒഴിച്ചുകൂടാത്തതാണ്. അങ്ങയുടെ ശാരദ ഇന്നു കൃതകൃത്യയായി. ഭാഗ്യവതിയായി."

ശശി: "എന്നാൽ ഓമനേ! ഈശ്വരൻ കരുണാകരനാണ്. പക്ഷേ.........."

മുറിവുകൾ വല്ലാതെ വേദനിച്ചു. മുഖത്തു് ഒരസഹ്യഭാവം വെളിവായി.

ശാരദ: ഈശ്വരൻ നിഷ്കരുണമായി പ്രവർത്തിക്കയില്ലാ. അങ്ങയുടെ ശരീരത്തിലെ ക്ഷതങ്ങൾ ഭേദമുണ്ടു്. അങ്ങയെ ശുശ്രൂഷിക്കുന്നതിനുള്ള ചുമതല, ഡാക്ടർ എന്നെത്തന്നെ ഏല്പിച്ചു. എനിക്കു് ഈ ആശുപത്രിയിൽ പണികിട്ടിയതും, അങ്ങയെ പരിചരിക്കുന്നതിനു ഭാഗ്യമുണ്ടായതും ആലോചിക്കുമ്പോൾ, നമ്മുടെ ഭാവി സുശോഭനമായ ഒന്നായിരിക്കണമെന്നു ജഗദീശ്വരനു് അഭിപ്രായമുള്ളതായി ഗ്രഹിക്കാം."

ക്യാപ്റ്റൻ, ശശിയുടെ മുറിയിലേക്കു പ്രവേശിച്ചു. ഒരു സുഹൃത്തിന്റെ നിലയിൽ ജനറൽ ശശിയുടെ സുഖവിവരം അന്വേഷിച്ചു. സുബേദാർ മേജർ എന്ന സ്ഥാനവും, ഇൻഡ്യൻ ഡിസ്റ്റിംഗ്വിഷിംഗ് സർവ്വീസ്സു് മെഡലും (I. D. S. M.) അദ്ദേഹം ശശിക്കു കൊടുത്തു. ഡാക്ടർ ശശിയെ പരിശോധിച്ചു. ഡാക്ടരുടെ മുഖം നിരാശയെ സൂചിപ്പിച്ചു. അദ്ദേഹം രഹസ്യമായി ക്യാപ്റ്റനോടു എന്തോ മന്ത്രിച്ചു. ധീരന്മാരായ യോദ്ധാക്കളുടെ നായകനായ ജോൺലക്കിന്റെ നയനങ്ങളിൽ നിന്നു പോലും ബാഷ്പകണങ്ങൾ ഉതിർന്നു. അദ്ദേഹം അതു മററുള്ളവരിൽനിന്നു മറക്കുവാൻ കൈലേസ്സു കൊണ്ടു മുഖം മറച്ചു.

ശശിയുടെ വേദന അധികമായിത്തുടങ്ങി. അയാൾ തന്റെ പ്രേമഭാജനത്തിന്റെ കരം ഗ്രഹിച്ചു കൊണ്ടു പറഞ്ഞു, "ഓമനെ! ഇപ്രകാരമുള്ള കഥകൾ പ്രായേണ സുഖപര്യവസായികളായിട്ടാണു കണ്ടുവരാറുള്ളതു്. എന്നാൽ, ഇതു മറിച്ചാണ്. എന്റെ തങ്കം, വിഷമിക്കാതിരിക്കണം. ജഗദീശ്വരൻ ഭവതിക്കു വേണ്ട ധൈര്യവും, കരളുറപ്പും നൽകട്ടെ! ഓമനേ! ശശി സുഖം അനുഭവിച്ചിട്ടില്ല. ഭടനായതിൽപ്പിന്നെ വിശ്രമം എന്തെന്നറിഞ്ഞിട്ടില്ലാ. ഏററവും ചുരുങ്ങിയ ഒരു കാലഘട്ടത്തിനിടയിൽ ഭവതിയുടെ ശശി സുബേദാർ മേജരായി. ഭാഗ്യത്താൽ വീരനർഹിക്കുന്ന മെഡൽ സമ്പാദിച്ചു. ഒരിക്കൽ പൊതുജനങ്ങളുടെ നിന്ദയ്ക്കു പാത്രമായിരുന്ന ശശി, ഇന്നു വീരന്മാരായ നായകന്മാരാൽ വാനോളം പുകഴ്ത്തപ്പെട്ടു. എനിക്കു് ഒരു സന്ദേശം ഭവതിയെ ഏല്പിക്കുവാനുണ്ടു്. ഭവതി അതു് എന്റെ സഹോദരന്മാരെ അറിയിക്കണം. "ശശി, മാതൃഭൂമിക്കു വേണ്ടി അവന്റെ ജീവൻ കാഴ്ചവച്ചു. ശശിയുടെ തോക്കിൽ നിന്നും ഉണ്ടകൾ മുന്നോട്ടു പാഞ്ഞിട്ടുണ്ടെങ്കിൽ, അതു ലക്ഷ്യത്തെ ഭേദിച്ചിട്ടുണ്ടു്. അവൻ ആൺകുട്ടിയായി പിറന്നെങ്കിൽ 'അഭിമന്യു' വിനെപ്പോലെ മരിച്ചു. എന്നാൽ അഭിമന്യുവിനു പടക്കളത്തിൽ ചില പരാജയങ്ങളും, ചതിവും പററിയിട്ടുണ്ടു്. ശശിക്കതുണ്ടായിട്ടില്ലാ. അഭിമന്യു മരിച്ചപ്പോൾ അയാളുടെ പ്രേമഭാജനം അയാളെ ചുംബിച്ചില്ലാ. ശാരദേ! കരയാതെ ചിരിച്ചുകൊണ്ടു ശശിയെ യാത്രയാക്കു! ഒരു ചുംബനംകൊണ്ടു ശശിയെ അനുഗ്രഹിക്കു."

ശാരദ പ്രിയനെ മാറോടണച്ചു ചുംബിച്ചു. ശശിയിൽ ഒരു ഉന്മേഷം പ്രദൃശ്യമായി. ഹാ! അണയാൻപോകുന്ന ദീപം അല്പനേരത്തേക്കൊന്നു കത്തിക്കാളാറുണ്ടു്. എന്തോ പറയാൻ മറന്നു പോയതുപോലെ ശശിവീണ്ടും തുടർന്നു:

"ഞാൻ ഒന്നു വിട്ടുപോയി. ഭവതി ലോകത്തോടു പറയൂ. 'നാളത്തെ സുപ്രഭാതത്തിൽ ശാന്തിയും ഐശ്വര്യവും ഉദയം ചെയ്യും. അപ്പോൾ ശശിയെ മറക്കരുതു് എന്നു്' എന്നാൽ, ശാരദേ! ........" (എല്ലാവരും തലയിൽനിന്നും തൊപ്പിയെടുത്തു.) പാവപ്പെട്ട ശാരദ!

## രണ്ടു പിതാക്കൾ

1942 ൽ മോസ്കോവിലെ ഒരു പത്രത്തിൽ ചുവപ്പുസേനയിലെ ഒരു കേണൽ തന്റെ വിഭാഗം വീരോചിതമായി പൊരുതിയതിനെക്കുറിച്ചു് ഒരു ലേഖനം എഴുതിയിരുന്നു. എന്നിട്ടതു് ഇങ്ങിനെ അവസാനിപ്പിച്ചു, "മേജർ ജാക്കോബ് ജൂഗേഷ്‌വില്ലി തന്റെ അവസാനത്തെ തിരയും കൂടി ജർമ്മൻകാരുടെ നേർക്കൊഴിച്ചു, പൊരുതി മരിച്ചു."

അങ്ങിനെയാണ് സ്റ്റാലിന്റെ കനിഷ്ഠപുത്രന്റെ മരണത്തെപ്പററി റഷ്യക്കാർ അറിഞ്ഞതു്. ഒരൊററ പത്രങ്ങളും അതിനെപ്പററി കുറിപ്പുകളോ മുഖപ്രസംഗങ്ങളോ എഴുതിയില്ല. ദിനംതോറും എത്രയോ വീരന്മാർ പൊരുതിമരിക്കുന്നു. അപ്പോൾ സ്റ്റാലിന്റെ മകന്റെ കാര്യത്തിൽ മാത്രമെന്താണ് വ്യത്യാസം? റഷ്യക്കാരുടെ മനോഭാവമാണതു്.

സ്റ്റാലിൻ എന്തു ചെയ്യുമെന്നു എനിക്കറിഞ്ഞുകൂടാ. ഒരുപക്ഷേ "അതുകൊണ്ടെന്താണ്?" എന്നു ചോദിച്ചു തന്റെ പ്രവൃത്തികളിൽ അദ്ദേഹം ജാഗരൂകനായിരുന്നിരിക്കണം.

1941 ൽ ഒരു വിമാനം പരിശോധിച്ചുകൊണ്ടിരിക്കെ മുസ്സോളിനിയുടെ മകൻ ബ്രൂണോ മരിച്ചുപോയി. അതു കേട്ടപ്പോൾ മുസ്സോവിന്നുണ്ടായ വ്യസനം! ആയാൾ "ഞാൻ ബ്രൂണോവൊപ്പം സംസാരിക്കുന്നു" എന്ന ഒരു പുസ്തകം എഴുതി—ബ്രൂണോവിന്റെ ആത്മാവുമായി പലപ്പോഴും താൻ സംസാരിക്കാറുണ്ടെന്നു് ആയാൾ കണ്ണീരൊലിപ്പിച്ചുകൊണ്ടു കൂട്ടുകാരോടു പറഞ്ഞു നടന്നു. (ക്വൻടൈൻ റെയിനോൾഡ്സ്— "തിരശ്ശീല ഉയരുന്നു.")

# “വിജയത്തിന്റെ പോക്ക്”

(കെ. പി. രാഘവൻ)

## രംഗം 1

സ്ഥലം ഒരു ജർമ്മൻ പട്ടാളത്താവളം—സമയം പൂർവ്വാഹ്നം.

ഗെയിററിൽ ഒരു ജർമ്മൻ ഭടൻ പാറാവു നില്ക്കുന്നു. കേമ്പിന്നകത്തെ ഒരു മുറിയിൽ ജർമ്മൻ ജനറൽ ചിന്താമഗ്നനായി അങ്ങട്ടുമിങ്ങട്ടും നടക്കുന്നു

ജനറൽ: (സ്വാഗതം) ഹാവൂ; നാം എന്താണ് ചെയ്യേണ്ടതു്. നേതാവായ ഹിററ്ലറുടെ കൊട്ടം ചെയ്തികൾ എന്തൊക്കെയാണ്. ധീരധീരന്മാരായ റഷ്യക്കാരുടെയും ശാന്തസൽഗുണസമ്പന്നന്മാരായ സഖ്യസേനയുടെയും മഹദ്ശക്തികൾ അറിയാതെ നാം ഉന്മാദത്തോടെ അവരോടടുത്തു, നാസി ജനതയെ മുഴുവനും നാശത്തിലാഴ്ത്തി. നാം യുദ്ധം തുടങ്ങുന്ന കാലത്തു ഇത്ര ഒന്നും ആൾ ബലമൊ ആയുധശക്തിയൊ നമ്മുടെ ശത്രുക്കൾക്കുണ്ടായിരുന്നില്ല. നാം റഷ്യയെ ആക്രമിച്ചു. മോസ്കോ പട്ടണം കരഗതമായെന്ന ഘട്ടമെത്തി. റഷ്യ നിലം പതിച്ചുവെന്നു നാമാകെ ആർത്തുവിളിച്ചു. അതാ! ഒരു ഭയങ്കരമായ റഷ്യൻ കൊടുങ്കാററടിക്കുന്നു. ഉണക്കിലയെപോലെ നാസി സൈന്യം ആകെ പറപറന്നു. ഇന്നിതാ കിഴക്കു ഭാഗത്തു ചുകപ്പുസൈന്യം വന്നു വളഞ്ഞിരിക്കുന്നു. അവരുടെ ആഞ്ഞടി ഇനി ജർമ്മൻ രാഷ്ട്രത്തിന്റെ മാർവ്വിടത്തിലെക്കാണ്. ഇന്നു കാലത്തെ കിട്ടിയ കമ്പിസന്ദേശത്തിൽ റഷ്യൻ സൈന്യം ബർലിൻ നഗരം പിടിച്ചിരിക്കുന്നു എന്നാണ്. നമ്മുടെ സൈന്യം സകല ശക്തിയും ഉപയോഗിക്കുന്നുണ്ടു്. എന്തു ഫലം. വിജയം അവരുടെ ഭാഗത്താണല്ലൊ. ബ്രിട്ടീഷുകാർക്കാണെന്നു വെച്ചാൽ അവർക്കും കെല്പില്ലാത്ത കാലമായിരുന്നു അന്ന്. ഇന്നാവട്ടെ സകല ശക്തികളും സകല രാഷ്ട്രങ്ങളും അവരുടെ ഭാഗത്താണ്. അവരിതാ പടിഞ്ഞാറു ഹാംബർഗ്ഗിൽ എത്തിയിരിക്കുന്നു. അവിടെയും നമ്മുടെ സൈന്യം ആവുന്നത്ര ശ്രമിക്കുന്നു. ബ്രിട്ടീഷുകാരും അമേരിക്കക്കാരും—അവരുടെ മനോദൃഢതയും കായബലവും അവർണ്ണനീയംതന്നെ. ഹിററ്ലരാണെങ്കിൽ വിജയം നമ്മുടെ ഭാഗത്താണെന്നും ശത്രുവെ ആവുന്നതും ഒടുക്കുവാൻ ജർമ്മൻ ജനത ഉററു ശ്രമിക്കേണമെന്നും പ്രക്ഷേപണിയിൽ നിത്യം വിളിച്ചു പറയുന്നു. ഇതിനൊക്കെ എന്താണർത്ഥം. നമ്മുടെ പിതൃഭൂമിയെ നാശത്തിലേക്കു വലിച്ചിഴക്കുക തന്നെ. ആബാലവൃദ്ധം ജനങ്ങൾ പട്ടിണിയാൽ മരിക്കുന്ന ഒരു കാഴ്ച ഒരുവശത്തു. സഖ്യപക്ഷബോംബറുകളുടെ ബോംബിങ്ങു കൊണ്ടു മരിക്കുന്നതു മറെറാരുവശത്തു. ഹാ! നാം മുമ്പു ഇംഗ്ലണ്ടിനെയും മററു രാഷ്ട്രങ്ങളുടെയും മേൽ ബോംബുകൾ ചൊരിഞ്ഞതിന്റെ പ്രതികാരമല്ലെ ഇന്നനുഭവിക്കുന്നതു്. കഷ്ടം, കഷ്ടം; ഇതിനൊക്കെ ഉത്തരവാദി ആർ? രാജ്യദ്രോഹിയായ ആ കുടിലന്മാർ—അതെ—ഹിററ്ലറും കൂട്ടരുംതന്നെ (കൈചുരുട്ടി മേശമേൽഇടിക്കുന്നു—മേശപ്പുറത്തുള്ള മദ്യക്കുപ്പികൾ വീണു തകരുന്നു) ഒരു സന്ദേശവാഹകൻ സന്ദേശവും കൊണ്ടുവന്നു വണങ്ങി നിൽക്കുന്നു; ജനറൽ സന്ദേശം വാങ്ങി വായിച്ചു:) “നമ്മുടെ ശത്രുക്കൾ ഹാംബർഗ്ഗിൽ ഒരിടത്തു ബ്രിഡ്ജ്ഹെഡ്’ സ്ഥാപിച്ചിരിക്കുന്നു. നമ്മുടെ സൈന്യങ്ങളിൽ കുറെ പേരെ തടവുകാരാക്കുകയും ബാക്കിയുള്ളവർ പരാജയത്തോടെ പിൻവാങ്ങിയിരിക്കുന്നു. ജാഗ്രതയായി ഇരിക്കട്ടെ; സൂക്ഷിക്കണം.” (ജനറൽ തന്റെ ചാരുകസേലയിൽ ചിന്താപരവശനായി കിടക്കുന്നു. ഭടൻ സലാം ചെയ്തുപോകുന്നു).

## രംഗം 2

സ്ഥലം ജനറലിന്റെ കേമ്പിന്റെ മറുവശം—സമയം വൈകുന്നേരം 4 മണി. ഒരു നവയൌവനയുക്തയും സുന്ദരിയുമായ ഒരു തരുണി മുല്ലമാലയുംകൊണ്ടു പ്രവേശിക്കുന്നു.

(ചുററി നടക്കുന്നു) ഹാവൂ; വലഞ്ഞു വലഞ്ഞു. ഞാനെന്തു ചെയ്യട്ടെ; ഹിററ്ലറുടെ വമ്പും ഗാംഭീര്യവും കേട്ടു മെലെ ഇവിടെ കടന്നുകൂടി. എന്തു ഫലം—ഭീരുക്കൾ പടയിൽ ഒരൊററ ഒരുവൻ പോലും ധൈര്യത്തോടെ മുന്നോട്ടുവെച്ചതായ കാൽ ഉറച്ചുവെക്കുന്നില്ല. ധീരാധിധീരന്മാരായ റഷ്യൻ സഹോദരങ്ങൾ—കഷ്ടം ഞാൻ രണ്ടു വർഷം മുമ്പു അവരെ വിട്ടതു എത്ര മഹാവഞ്ചനയാണെന്നൊ, അവർ ഇന്നിതാ എന്റെ വരണമാല്യത്തെ സ്വീകരിപ്പാൻ വെമ്പിരിക്കുന്നു. ധീരസഖാക്കൾ തോളോടു തോൾ ചേർത്തു മുന്നോട്ടു മുന്നോട്ടു കുതിച്ചു കയറുന്നു. “ബർലിനിലേക്കു” എന്നുള്ള വിളി ഇന്നു ജർമ്മൻ രാജ്യമെങ്ങും മാറെറാലികൊള്ളുന്നു. ബർലിന്റെ പടിക്കൽ അവരെത്തിയിരിക്കുന്നു. ഞാൻ അവരെയാണൊ വരിക്കേണ്ടതു—അതല്ല പടിഞ്ഞാറു റൈൻ നദിയുടെ കരയിൽ വന്നു വെറും ഭീരുക്കളായ ജർമ്മൻ കുറുനരികളെ നായാടുന്ന ആധീരസഖ്യ ഭടന്മാരെയാണൊ. ഞാൻ ആരുടെ ഭാഗത്തു നില്ക്കണം. കിഴക്കും പടിഞ്ഞാറും രണ്ടു കൂട്ടർ എന്നെ സ്വീകരിപ്പാൻ വെമ്പുകയാണ്. ഈ മൂർഖന്മാരുടെ കയ്യിൽ പെട്ടാൽ അവർ എന്നെ വെറുതെവിടില്ല. നോക്കു വോൺ റിബ്ബൺട്രോപ്പിന്റെ ഹുംകൃതി! ഞാൻ അവരെ വിട്ടിരിക്കുന്നു. എന്നിട്ടും ആർത്തുവിളിക്കുന്നു്. എന്തു? നാം തന്നെ വമ്പന്മാർ. നാം തോൽക്കുകയില്ല അഥവാ തോൽക്കുന്നപക്ഷം അതു റഷ്യയോടു മാത്രമാണ്. ബ്രിട്ടനെ അവന്നു പുല്ലുവിലയാണുപോലും.’’ കഷ്ട’ കുണ്ടിൽ വീണിട്ടും ഞമ്മന്റെ കാല് മേലെ’ എന്ന ഒരു പുരാണം. നിങ്ങളുടെ സ്ഥിതി കടുവയുടെ വായിൽപ്പെട്ട മാൻപേട രക്ഷപ്പെട്ടിട്ടുണ്ടൊ? ഇതു വെറും പുലമ്പൽ മാത്രമല്ലെ—ഏതായാലും ഇവിടെനിന്നു കാലം വൈകിക്കുന്നതു അറിയല്ല. പോകുക തന്നെ (പോകുന്നു.)

## രംഗം 3

(ജനറലിന്റെ മുറിയിൽ ജനറലും രണ്ടു ഓഫീസർമാരും സംസാരിച്ചുകൊണ്ടു ഇരിക്കുന്നു. ഗെയിററിന്നരികിൽ കൂടി ഒരു തരുണികടന്നു പോവാൻ ശ്രമിക്കുന്നു (തിരശ്ശീല ഉയരുന്നു.)

പാറാവുകാരൻ: ആരാണതു? നില്ലവിടെ.

യുവതി: ആർ എന്ന ഏകവചനമൊ നമ്മുടെ നേരെ.

പാറാവു: അധികപ്രസംഗീ! നില്ലവിടെ.

യുവതി: ഞാൻ അധികമൊന്നും പറഞ്ഞില്ലല്ലൊ. അല്പമല്ലെ പറഞ്ഞുള്ളു. പട്ടാളക്കാരൻ അടുത്തുചെന്നു സൂക്ഷിച്ചു നോക്കീട്ടു.

പട്ടാളക്കാരൻ: ഹേ! തരുണീരത്നമേ! ഭവതി ആരാണ്? അറിയാത്തതിനാൽ പറഞ്ഞുപോയതാണ്, ക്ഷമിക്കണം.

യുവതി: അതു നിങ്ങളുടെ ജാതിസ്വഭാവമാണല്ലൊ. നാസികളല്ലെ നിങ്ങൾ. നിങ്ങളും നിങ്ങളുടെ വംശവും നശിക്കാറായല്ലൊ.

പട്ടാള: ഹേ! യുവതി നീ ഇത്ര ഒന്നും ശകാരിക്കുവാനില്ല. ഞാൻ ഭവതിയോടു പറഞ്ഞതു ഒരു തെററാണൊ. ദയചെയ്തു സദയം ക്ഷമിച്ചു എന്റെ ഒപ്പം പോരിക.

യുവതി: തന്റെ കൂടെ ഞാൻ വരേണമെന്നൊ നിങ്ങടെ കൂടെ ഇനി ഈജന്മം വരുന്നതല്ല. നിശ്ചയം തന്നെയാണ്, അതിന്നു രണ്ടു പക്ഷമില്ല തന്നെ.

പട്ടാള: (ക്രോധത്തോടെ)—നീ വരില്ലെന്നൊ—ഈ യോദ്ധാവോടാണൊ ധിക്കാരം പറയുന്നതു. കഷ്ടം, കഷ്ടം, നീ ഒരു പെണ്ണ്. കുതിരക്കും വന്നൊ കൊമ്പ്. നടക്കു, കേമ്പിന്നകത്തേക്കു, നിന്റെ വമ്പു അവിടെവെച്ചു കാട്ടി തരാം.

യുവതി: ആശ്ചര്യം; എന്നോടാണൊ തന്റെ വമ്പും വീമ്പുമെല്ലാം. അതു നാസികളുടെ പകിട്ടല്ലെ. ഇതു എന്നോടു പററില്ല. കേട്ടോ. ഹേ, മൂഢാ, ഞാനാരാണെന്നറിയുമോ!

പട്ടാള: നീ ആരാണ്. പറയൂ.

യുവതി: ഞാൻ “വിജയലക്ഷ്മിയാണ്.” മനസ്സിലായൊ.

പട്ടാള: നീ വിജയലക്ഷ്മി അല്ല ആരെങ്കിലുമാട്ടെ. നടക്കു; (അടുത്തുചെന്നു കൈക്കു പിടിക്കുന്നു. യുവതി തട്ടിത്തെറിപ്പിക്കുന്നു. ഭടൻ തെറിച്ചു വീഴുന്നു. എഴുന്നേററു ബിസിലടിക്കുന്നു. രണ്ടു നാസി പടയാളികൾ ഓടി എത്തി ലക്ഷ്മിയെ പിടിക്കുന്നു.)

ഭടന്മാർ: പുലമ്പൽ മതിയാക്കു, നടക്കു, ജനറലിന്റെ മുമ്പിൽ (ലക്ഷ്മിയെ പിടിച്ചു വലിച്ചു കൊണ്ടുപോകുന്നു.)

(തിരശ്ശീല.)

## രംഗം 4.

ജനറലിന്റെ മുറി.

ഭടന്മാർ വിജയലക്ഷ്മിയെയും കൊണ്ടു പ്രവേശിക്കുന്നു (തിരശ്ശീല ഉയരുന്നു.)

ജനറൽ: ഹേ! ഭടന്മാരെ! ഈ തരുണി ഏതാണ്? ഇവളെ എവിടുന്നു കിട്ടി.

ഭടന്മാർ: ഇവളെ നമ്മുടെ ഗെയിററിന്നു മുമ്പിൽവെച്ചു പിടികിട്ടി. ഇവൾ വിജയലക്ഷ്മി എന്നാണു പറയുന്നതു്. നമ്മുടെ ശത്രുവിന്റെ ചാരസംഘത്തിൽ പെട്ട ഒരുവളാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ജനറൽ: ഹും ഏതെങ്കിലുമാവട്ടെ. നിങ്ങൾ പോയിക്കൊള്ളുവിൻ (ഭടന്മാർസലാം ചെയ്തു പോകുന്നു.)

ജനറൽ: ഹേ! സുന്ദരി, ഭവതി ആരാണ്, ഇവിടെ വരുവാനുള്ള കാരണം എന്തു്? സത്യംപോലെ പറയൂ; ഞങ്ങൾ നാസികൾ, സത്യപരിപാലകരാണെന്നു ഭവതി കേട്ടറിഞ്ഞിട്ടില്ലായിരിക്കാം.

വി. ലക്ഷ്മി: ഹേ! മനുഷ്യ, നിങ്ങൾ ജർമ്മൻകാർ വളരെ സത്യസന്ധന്മാരാണെന്നു ഞാൻ കണ്ടറിഞ്ഞിട്ടു തന്നെയുണ്ടു്. പിന്നെ എന്തിനാണ് വെറുതെ പുലമ്പുന്നതു്. ഞാൻ വിജയലക്ഷ്മിയാണ്.

ജനറൽ: ഓമനേ! ഭവതി എന്താണ് ഇത്രക്കും ക്രോധത്തോടെ സംസാരിക്കുന്നതു. ഇവിടെ ഇരിക്കു; ഭവതിയുടെ പനനീർസുമസദൃശമായ മുഖം ചെമ്പരത്തി പൂവുപോലെ ചുകന്നു കാണുന്നുവല്ലൊ. ഇതിനെന്തു കാരണം. ഭവതിയുടെ അഭീഷ്ടമെന്തൊ ആയ്ക്കൂ ഈ ചരണദാസൻ സാധിപ്പിക്കുവാൻ സദാ സന്നദ്ധനാണ്. ഞാൻ എന്റെ തങ്കത്തിന്നു അത്രക്കും അടിമപ്പെട്ടു പോയിരിക്കുന്നു. വരൂ.

വി. ലക്ഷ്മി: നിങ്ങൾ ഭീരുക്കൾ—നീചന്മാർ നിങ്ങൾ ചെയ്യുന്ന കടും കൈകൾക്കു കയ്യും കണക്കുമുണ്ടൊ. ഹാ! എത്ര സാധു പിഞ്ചു പൈതങ്ങളെയാണ് നിങ്ങൾ നിർദ്ദയം വധിച്ചതു്. പിഞ്ചു കിടാങ്ങളെ മുകളിലേക്കെടുത്തു എറിഞ്ഞ് താഴത്തേക്കു വരുമ്പോൾ കുന്തമുനയിലൊ വാൾ തലപ്പിലൊ കുത്തികൊല്ലുന്ന ആ ഭയങ്കര കാഴ്ച കണ്ടുകൊണ്ടിരിക്കുന്ന എത്ര അമ്മമാരെ നിങ്ങൾ പിടിച്ചു ബലാൽസംഗം ചെയ്യും ആക്രമിച്ചും കൊന്നതിന്നു കയ്യും കണക്കുമുണ്ടൊ? ഫ്രാൻസ് രാജ്യത്തിലെ രാജ്യപ്രേമികളായ ധീരപുരുഷകേസരികളേയും രമണീരത്നങ്ങളെയും നിങ്ങൾ നിർദ്ദയം തീയിലിട്ടും ബയനററുകൊണ്ടു കുത്തിയും കൊന്നില്ലേ? ഏതെല്ലാം രാഷ്ട്രങ്ങളുടെ മേൽ ബോംബു ചെയ്തു ആ ബാലവൃദ്ധം ജനങ്ങളെ നശിപ്പിച്ചുവൊ അതിന്റെ ഒക്കെയും പ്രതികാരമാണ് നിങ്ങൾക്കു

ഇന്നു അനുഭവമാകുവാൻ പോകുന്നതു്. ഞാൻ നിങ്ങളെ വിട്ടു കഴിഞ്ഞു. ഇപ്പോൾ നിങ്ങൾ എവിടെ ചെന്നു മുട്ടുന്നുവൊ അവിടെ പരാജയമാണ് അനുഭവം. ധീരസഹോദരങ്ങൾ, അതെ—റഷ്യയും, സഖ്യസേനകളും അതാ നാലു ഭാഗത്തും വന്നു വളഞ്ഞുനിൽക്കുന്നു. അവരുടെ ഒരടി താങ്ങുവാൻ ഇന്നു നിങ്ങൾക്കു കെല്പില്ലാതായിത്തീർന്നിരിക്കുന്നു. കാരണം ഞാൻ വിട്ടതു തന്നെ.

ജനറൽ: (ക്രോധത്തോടെ) നീ ആരുടെ മുമ്പിലാണ് നില്ക്കുന്നതെന്നും എവിടെയാണെന്നും വിചാരിയാതെ ധിക്കാര വാക്കുകൾ സംസാരിക്കുന്നതു നല്ലവണ്ണം ഓർക്കണം നീ ഒരു പെണ്ണ് മാത്രമാണ് എന്ന് മനസ്സിലാക്കണം. നീ ഒരു സുന്ദരിയായ സ്ത്രീ അല്ലായിരുന്നുവെങ്കിൽ നിന്റെ കഥ ഇക്ഷണം കഴിയുമായിരുന്നു. ഗർവ്വിനെ അടക്കി നീ എനിക്കു വശഗയാവുക. അല്ലാത്തപക്ഷം നിന്റെ ജീവിതം ഇവിടെ അവസാനിക്കും സൂക്ഷിച്ചോ.

വി-ലക്ഷ്മി: ഹേ! തന്നാലാവുന്നതു എന്താണ്. നീചന്മാർ നിങ്ങളുടെ കൊടും ക്രൂരകൃത്യങ്ങൾക്ക് നിങ്ങൾ അനുഭവിക്കുന്നതായ കഷ്ടത ഇതിന്നാരാണ് ഉത്തരവാദി. ഒന്നുകിൽ സഖ്യശക്തികൾക്കു നിങ്ങളുടെ സർവ്വസ്വവും കാഴ്ചവെച്ചു കീഴടങ്ങുക—അല്ലാത്തപക്ഷം യുദ്ധംചെയ്തുമരിക്കുക—അതുമല്ല എങ്കിൽ ആത്മഹത്യ ചെയ്യുക—സഖ്യശക്തികളുടെ പീരങ്കികളിൽനിന്നു വമിക്കുന്ന ധൂമപടലങ്ങളുടെ മുമ്പിൽ വെറും പൂമ്പാററയെന്നോണം മരിക്കുവാൻ സന്നദ്ധരായ ഭീരുക്കൾ!

ജനറൽ: (ക്രോധപരവശനായി—ചാടിഎഴുന്നേല്ക്കുന്നു) ആരവിടെ? (ഒരു ഭടൻ പ്രവേശിക്കുന്നു) ഇവളെ പിടിച്ചു നമ്മുടെ മേധാവിയുടെ മുമ്പിൽ ഹാജരാക്കു; ഭം. (ഭടൻ സലാംചെയ്തു ലക്ഷ്മിയേയും കൊണ്ടുപോവുന്നു.)

### രംഗം V

(ഹിററ്ലറുടെ കേമ്പ്മുറി)

(ജർമ്മൻ ഭടൻ ലക്ഷ്മിയോടുകൂടി പ്രവേശിക്കുന്നു—ഹിററ്ലർ ഒരു ചാരുകസേലയിൽ കിടക്കുന്നു.)

ഹിററ: ഹേ! ഇവളെ എവിടുന്നു കിട്ടി?

ഭടൻ: നമ്മുടെ കേമ്പിന്നടുത്തുവെച്ച്. ജനറൽ ചോദിച്ച ചോദ്യത്തിന്നു ശരിയായ സമാധാനം ബോധിപ്പിക്കാത്തതിനാൽ ഇവിടെ ഹാജരാക്കുവാൻ അയച്ചതാണ്.

ഹിററ: എന്നാൽ തനിക്കു പോവാം.

ഭടൻ: കല്പനപോലെ (പോകുന്നു)

ഹിററ: ഭവതി ആരാണ്? ഇവിടെ എങ്ങിനെ വന്നുചേർന്നു സത്യമായിപറയണം.

യുവതി: ഞാൻ വിജയലക്ഷ്മിയാണ്! ഏകദേശം മൂന്നു വർഷക്കാലംവരെ ഞാൻ നിങ്ങളുടെ ഭാഗത്തായിരുന്നു. എന്നാൽ ഞാൻ നിങ്ങളെ സഹായിച്ചിരുന്നതായ ആ കാലം നിങ്ങൾ ചെയ്തുവരുന്ന കൊടുംക്രൂരകൃത്യങ്ങളെ കണ്ടു മനംമടുത്ത ഞാൻ നിങ്ങളെ വിട്ടു ഇനി സഖ്യപക്ഷത്തിൽ ചേരുവാനും അവരെ സഹായിക്കുവാനും തീർച്ചയാക്കിയിരിക്കയാണ്. അങ്ങിനെ ഞാൻ പോകുംവഴി ഒരു നാസിരാക്ഷസന്റെ മുമ്പിൽ പെടുകയും അവൻ എന്നെ ജനറലിന്റെ മുമ്പിൽ ഹാജരാക്കുകയും അവന്റെ ഇംഗിതത്തിന്നു ഞാൻ വഴിപ്പെടാത്തകാരണത്താൽ എന്നെ ഇവിടെ ഹാജരാക്കിയതാണ്. ആയതുകൊണ്ടു ഇനി തന്റെ വിചാരം എന്തൊ അതുപോലെ പ്രവൃത്തിക്കാം ഏതായാലും നിങ്ങൾ ചെയ്ത കടുംകൃത്യങ്ങൾക്കു പ്രതികാരമനുഭവിക്കുവാൻ ഇനി അധികകാലംവേണ്ട. സമയം അതി വിദൂരമല്ല.

ഹിററ: ഹേ! സുന്ദരി! നീ ഇത്ര ഒക്കേയും ഞങ്ങളുടെ രാഷ്ട്രത്തേയും ജനതയേയും കുററാരോപണം ചെയ്യുവാൻ എന്താണ് കാരണം. ശത്രുപക്ഷത്തെ സഹായിക്കുവാൻ ഒരുങ്ങിയ നിന്നെ നിർദ്ദയം ഹനിക്കുകയാണ് വേണ്ടതു്. അതാണ് നീതിപാലകരുടെ നിയമം.

യുവതി: നീതിപാലകർ! നിയമരക്ഷകർ! ജർമ്മൻ രാക്ഷസന്മാർക്കല്ലേ നീതിയും നിയമവും? ഹേ! മനുഷ്യ, ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുകയാണ് നല്ലതു്. ഇതാ ധീരാഗ്രഗണ്യന്മാരായ സഖ്യസഖാക്കൾ പടിവാതുക്കൽ വന്നെത്തിയിരിക്കുന്നു. അവരോടാണൊ നിങ്ങളുടെ നീതിയും നിയമവും? തോക്കിന്റെ മുന്നിൽ പെടുമ്പോൾ അവിടെ നിയതിയുടെ നിയമമാണ് നടക്കുക—കഷ്ടം ഭോഷ്ക്ക് പറയുവാൻ വമ്പരാണ്. മുമ്പിൽ പെട്ടാലൊ പട്ടികൾപോലെ.

ഹിററ: വായാടിത്തം മതിയാക്കു;—(പിസ്റ്റോളെടുത്തു) ഇതെന്താണെന്നറിയാമോ.

യുവതി: അതു പക്ഷികൾക്കും പട്ടികൾക്കും പററും—ധീരസഹോദരങ്ങൾക്കു അതു പുല്ലാണ്. (പോവുന്നു)

ഹിററ്ലർ—എടോ, ആരവിടെ, അവളെ പിടിക്കൂ. (ബോധരഹിതനായി വീഴുന്നു.)

### രംഗം VI

(സ്ഥലം—പടക്കളം)

(ഹിററ്ലർ ഒരു ഭ്രാന്തനെപ്പോലെ പിസ്റ്റോളുമായി പ്രവേശിക്കുന്നു.)

ഹാ! ഞാനെന്താണ് വേണ്ടതു്? എന്റെ രാജ്യദുർമ്മോഹത്താൽ ഞാനെന്തൊക്കെ അക്രമങ്ങളാണ് ചെയ്തതു്. സാധു ഫ്രാൻസിനെ ഞാൻ അക്രമിച്ചു വിശ്വവിഖ്യാതമായ പാരീസ് പട്ടണത്തെ ഞാൻ നാമാവശേഷമാക്കി. ഇംഗ്ലണ്ടിൽ ബോമ്പുചെയ്തു നിരവധി കെട്ടിടങ്ങൾ നശിപ്പിച്ചു എത്ര എത്ര സ്ത്രീബാലവൃദ്ധജനങ്ങളാണ് വെന്തു വെണ്ണീറായതു? ഏതെല്ലാം ദേവാലയങ്ങളാണ് നശിപ്പിച്ചു. അയ്യോ! ഞാൻ ചെയ്ത കൃത്യങ്ങളുടെ ഫലമല്ലെ ഇന്നു സാധു ജർമ്മൻ ജനത അനുഭവിക്കുന്നതു്. നിഷ്പക്ഷയെന്ന് പറഞ്ഞ റഷ്യയെ ഞാൻ കുത്തിയിളക്കി. പൊത്തിൽകിടന്ന സർപ്പത്തെ ഇളക്കിവിട്ടതുകൊണ്ടല്ലെ ഇന്നെനിക്കു കാകോള വിഷം—അതോ റഷ്യൻ വിഷം കയറി മരിക്കുവാൻ ഇടയാക്കിയതു്. ഞാനന്നു അത്തരം പ്രവൃത്തിച്ചിട്ടില്ലെന്നു വരികിൽ ഇന്നു ഞാനും എന്റെ കൂട്ടരും വെണ്ണീറാവുമായിരുന്നുവൊ? ഹാ! ഹിംലർ! നിന്റെ കഥയെന്തു? ധീരാധി ധീരരായ നമ്മുടെ ശത്രുക്കളുടെ കയ്യിൽ അകപ്പെട്ടുവോ? അല്ല യുദ്ധംചെയ്തു വീരമൃത്യു വരിച്ചുവോ: നോക്കൂ "വിജയത്തിന്റെ പോക്കു" ഹാ! എന്റെ സ്വർഗ്ഗസമമായ ബർലിൻ അയ്യോ, അതെനിക്ക് ഒക്കവെച്ചു. ഞാൻ ചെയ്ത പാപപുണ്യങ്ങൾക്കു ഞാൻ തന്നെ ഭാഗഭാക്കാകണം. വെറുതെ എന്തിന്നു അന്യരെ പഴിക്കുന്നു. ഹേ! ധീരധീരന്മാരായ സഖ്യശക്തികളെ! നിങ്ങളുടെ കൃത്യം വളരെ നല്ലതു തന്നെ ഞാൻതന്നെയാണ് തെററുകാരൻ. നിങ്ങൾ നീണാൾ സുഖിക്കുവിൻ. ലോകം എന്നെ പഴിക്കും. പരിഹസിക്കും. ഞാൻ മരിക്കുകയാണ് നല്ലതു്. എന്റെ ഹൃദയമേ! ഇങ്ങിനെയാണൊ നിന്റെ തലയിലെഴുത്തു്? ഹാ! നിനക്കു ഇതിലും എത്രയോ നല്ലതു മരണംതന്നെയായിരിക്കും—ഹാ! ഹിംലർ—ഞാൻ പോവുകയാണ്. നമുക്കു ഇനി മറുലോകത്തുവെച്ചുകാണാം. പരാജയം—അപജയം—ചേര ഹിററ്ലർ അപമാനപ്പെടുകയൊ എന്റെ ലോകമേ ഞാൻ പോകുന്നു. മാറിന്നു ലക്ഷ്യമാക്കി പിസ്റ്റില് വെക്കുന്നു—ഠേ—എന്ന ശബ്ദം—(ഹിററ്ലർ മറിഞ്ഞുവീഴുന്നു) അയ്യോ പററിച്ചു വേഗം വരീൻ—ഹേ- - -രാ-ജ്യ ദുർമ്മോഹ-മേ- - നിന്നാൽ - - - ഞാ-ൻ - ലോ-ക-ധീ-ര-നായ ഹി-ററലർ ഇ - - -താ - - -മര- - ണ - മട - - - ഞ്ഞു - - - ഇനി - മേ - -ലാ - - ൽ - - - - ഇ - - - ത്ത - - - രം മോ - - ഹം - - - ആക്കും - - - - തോ - - - ന്നാ - - -തി - രി - ക്ക - ട്ടെ - റി - ബ - ൺ - ട്രോ - - പ്പ് - - ഹിം - മ - ല - ർ ഞാ - ൻ - പോ - കു - - - - ന്നു.

(ഹിംലർ—റിബ്ബൺട്രോപ്പ മററു ചില പട്ടാള മേധാവികളും പ്രവേശിക്കുന്നു.

ഹിററ്ലരുടെ നിണമണിഞ്ഞ ദേഹംകണ്ടു ബോധമററുവീഴുന്നു.)

(തിരശ്ശീല)

## "ദീപവതി" ദർശനം

പണ്ടൊരിക്കലും ഒരു കപ്പൽ കണ്ണുകൊണ്ടു കാണാത്ത പലരും, എച്. എം. ഐ. സ് ദീപവതിയെ ദർശിക്കുന്നതിന്നായി വളരെ ദൂരത്തിൽനിന്നു തീർത്ഥയാത്ര വരികയുണ്ടായി. 'ദീപവതി' പടിഞ്ഞാറൻ കടൽക്കരയിൽ പല തുറമുഖങ്ങളെയും സന്ദർശിച്ചു ചില തുറമുഖങ്ങളിൽ 15,000 ആളുകൾ ചേർന്നിരുന്നു.

ഇന്നു നാവിക സേനയിലുള്ള 230 ഇന്ത്യൻ സെയിലർമാരുടെ കുടുംബങ്ങൾ രത്നഗിരി, മംഗലാപുരം, കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, എർണാകുളം, ബ്രി. കൊച്ചിൻ, ആലപ്പുഴ, തിരുവനന്തപുരം എന്നീ തുറമുഖങ്ങളിൽ ചെന്നു തങ്ങളുടെ ഭർത്താക്കന്മാർക്കും, പുത്രന്മാർക്കും, സഹോദരന്മാർക്കുമുള്ള സന്ദേശങ്ങൾ നൽകുകയുണ്ടായി. ഇതിന്നു ഒരു നാവികഭടന്റെ കുടുംബം 115 നാഴിക ദൂരത്തിൽ നിന്നുവന്നു്?

ആലപ്പുഴയിൽവെച്ചു "ദീപവതി" യോടൊപ്പം തിരുവിതാംകൂർ മഹാരാജാവു "ദത്തെടുത്ത" എച്. എം. ഐ. സ്. ട്രാവംകൂർ ചേർന്നു. 8,000 പേർ ചേർന്ന ഒരു യോഗത്തിൽവെച്ചു ആലപ്പുഴ മുൻസിപ്പാൽ ചെയർമാൻ പാർത്ഥസാരതി അയ്യങ്കാർ എച്. എ. ഐ. എസ് ട്രാവംകൂറിന്റെ കമാണ്ടിങ്ങ് ഓഫീസർക്കു വെള്ളികൊണ്ടുണ്ടാക്കിയ ഒരു കൊച്ചു കപ്പൽ സമ്മാനിച്ചു, അതൊരു ഒഴിഞ്ഞകപ്പലല്ലെന്നും, ചരിത്രകളിലെല്ലാം വെച്ചു ഏററവും വിലപിടിച്ച ഒരു സാമഗ്രിയതിലുണ്ടുവെന്നും പറഞ്ഞു—ആലപ്പുഴയിലെ ജനങ്ങളുടെ ശുഭാശംസകൾ.

## കൃതാർത്ഥത

(വി. കെ. ഭാസ്കരൻ)

ഫാസിസം!—ഇല്ലതിൽ കാൽ വഴുതീടുവാൻ
താമസമില്ല,ടിയോടെ തകരുവാൻ!

നാസിസമോ?—അതും കെല്പററു വീണുപോ-
യാസകലം ചീഞ്ഞടിഞ്ഞു മണ്ണാകുവാൻ.

പോകട്ടെ, പോകട്ടെ, മർത്ത്യനെ മർത്ത്യനായ്-
കാണാത്തിസങ്ങളടിയോടെരിഞ്ഞുവ . . . .

*     *     *     *

നിത്യനിത്യം വിജയത്തിലേക്കേറുവാ-
നാത്തമോദം നാമിരമ്പിക്കയറണം

ആയതിൽ നിർമ്മല രംഗമടുത്തുപോ-
യായതും മുന്നോട്ടിരമ്പിക്കയറണം.

ഏതുവിഘ്നങ്ങൾ കടലിരച്ചാർക്കിലു-
മെത്ര കഷ്ടങ്ങൾ വിലങ്ങടിച്ചീടിലും,
മുന്നോട്ടു, മുന്നോട്ടു പോകും സഖാക്കളൊ-
ടൊന്നിച്ചു പിന്നിൽ നില്ക്കുന്നു ന്യൂറായിരം!

കൂലികളെങ്കിലുമായവർക്കുണ്ടതിൽ
സ്തുലിച്ചഭാഗം വഹിച്ചു ഗമിക്കുവാൻ!!

അഗ്ഗമനം വിജയക്കൊടി കാട്ടുവാൻ
മാർഗ്ഗംതുറന്നു വരുന്നിതെല്ലാടവും.

ആയതിൽപങ്കു വഹിച്ചണിചേരുമീ-
ഞങ്ങൾക്കുമുണ്ടതിലല്പം കൃതാർത്ഥത!

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.